2017 നവംബർ 25
വാല്യം 10
ലക്കം 22

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ബൈബിൾ വിരുദ്ധചിന്തകളുമായി ഏഴംകുളം സാംകുട്ടി

● അനിൽ കൊടിത്തോട്ടം

പാളം തെറ്റിയ തീവണ്ടി എന്ന കൃതിയിലൂടെ പ്രസിദ്ധനായ ഏഴംകുളം സാംകുട്ടി പുതിയ വിവാദങ്ങളിലേക്ക് കടക്കുകയാണ്. അദ്ദേഹത്തിന്റെ പുതിയ പഠിപ്പിക്കൽ അനുസരിച്ച് ഉത്തമഗീതം ദൈവവചനമല്ല. ക്രിസ്തുയേശുവിനെ മണവാളൻ എന്നും സഭയെ മണവാട്ടിയെന്നും ഉപയോഗിച്ചുള്ള പരാമർശങ്ങൾ ദൈവമക്കൾ തങ്ങളുടെ ആരാധനാരീതികളിൽ നിന്നും പാട്ടുകളിൽ നിന്നും നീക്കം ചെയ്യണമെന്നതാണ് സാംകുട്ടിയുടെ ഇപ്പോഴത്തെ വാദം. യേശുമണവാളൻ നമ്മെ ചേർത്തീടുവാൻ, എന്റെ മണവാളനെ എന്നിൽ കനിഞ്ഞവനെ തുടങ്ങിയ ഗാനങ്ങൾ ഒരാൾ പുറമെ നിന്ന് കേട്ടാൽ അവർക്ക് ലൈംഗിക വൈകൃതങ്ങൾ ഉളവാകുംവിധമുള്ള തോന്നലുകൾ വരുമെന്നും അതുകൊണ്ട് ഇവ പാടേ മാറ്റുകയുമാണ് വേണ്ടത് എന്നുമാണ് ഈ ഗവേഷകന്റെ കണ്ടുപിടുത്തം. കാലാകാലങ്ങളിലായി ദൈവമക്കൾ പാടി വളരെ വിശുദ്ധിയോടെ ആരാധിച്ചുവന്ന ഈ പാട്ടുകളുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്നത് കൂടാതെ അദ്ദേഹത്തിന്റെ വാദം അനുസരിച്ച് ഉത്തമഗീതവും ബൈബിൾ പഴയനിയമത്തിൽ പറയുന്ന പല സംഭവങ്ങളെയും വസ്തുതകൾ നീക്കം ചെയ്യണം എന്നത് ഉൾപ്പെടെയുള്ള വിവാദങ്ങളോട് ബ്രദറൺ പെന്തെക്കോസ്ത് മണ്ഡലത്തിൽ നിന്ന് നിരവധി ആളുകൾ ഇതിനകം പ്രതികരണവുമായി രംഗത്തെത്തിക്കഴിഞ്ഞു. ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭയുടെ മുളക്കുഴ ജനറൽ കൺവൻഷൻ ഉൾപ്പെടെയുള്ള നിരവധി യോഗങ്ങളിൽ പ്രസംഗകനായിരുന്നു ഒരു കാലഘട്ടത്തിൽ ഏഴംകുളം സാംകുട്ടി. അദ്ദേഹം വിവാദങ്ങളിൽപ്പെട്ടതോടെ പണ്ടുള്ള ജനപിന്തുണയും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാനുള്ള പഴയ താലപര്യവും ജനങ്ങളിൽ വിമുഖത കൈവരിക്കാൻ കാരണമായി. പാസ്റ്റർ സി. സി. തോമ



സ് ഓവർസിയർ സ്ഥാനത്ത് എത്താതിരിക്കാൻ പെടാപ്പാടുകൾപ്പെട്ട ഏഴംകുളം ഏതെങ്കിലും നിലയിൽ അദ്ദേഹത്തോട് സാഹിത്യരംഗത്തോ വീക്ഷണഗതികളിൽ വിയോജിപ്പ് പുലർത്തിയോ നിലകൊണ്ട ആളുകളെയൊക്കെ ശത്രുപക്ഷത്ത് കണ്ടുകൊണ്ട് ആക്രമിക്കുന്നത് പതിവായി. അത്തരത്തിൽ അദ്ദേഹത്തിന് താല്പര്യമില്ലാത്ത ആളുകൾ ആരെങ്കിലും തന്റെ സുഹൃത്തുക്കളുമായി ഇടപഴുകുന്നത് കണ്ടാൽ സ്വന്തം സുഹൃത്തുക്കൾ ആണെങ്കിൽകൂടി അവരിൽ നിന്നകന്ന് മാറിനിൽക്കുകയും ഊമക്കത്തുകളയച്ച് ആളുകളെ പരസ്പരം തെറ്റിദ്ധരിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നെങ്കിലും ഊമക്കത്തിന്റെ സ്രോതസ്സ് ഏഴംകുളം ആണെന്ന് അറിഞ്ഞതോടുകൂടി അമേരിക്കയിലെ മലയാളി സമൂഹം ഇദ്ദേഹത്തെക്കുറിച്ച് കേൾക്കുന്നത് തന്നെ വല്ലാത്ത തമാശയോടുകൂടിയാണ്.

ദാവീദും ശലോമോനും തന്റെ വീട്ടിൽ വന്നാൽ അവരെ വീട്ടിൽ കയറ്റുകയില്ലായെന്നും അതിനു കാരണം ദാവീദ് തന്റെ മകളെ കിഡ്നാപ്പ് ചെയ്തുകൊണ്ടുപോകുമെന്നും ശലോമോൻ തന്റെ ഭാര്യയെ വളച്ചെടുക്കുമെന്നാണ് ഏഴംകുളം പറയുന്നത്. മാത്രമല്ല ബഹുമാന്യനായ കാനം അച്ചനെതിരെ ചില മാധ്യമ പ്രവർത്തകരെ ഉപയോഗിച്ച് അപകീർത്തിപ്പെടുത്തുംവിധം മുമ്പ് ചില പത്രങ്ങളിൽ വാർത്ത വന്നിരുന്നു. തെറ്റായ വിവരങ്ങൾ നൽകിയും സമ്മർദ്ദം ചെലുത്തിയും ഇതിനു പിന്നിൽ പ്രവർത്തിച്ചത് ഏഴംകുളം ആയിരുന്നുവെന്ന യാഥാർത്ഥ്യവും ഇപ്പോൾ പുറത്തു വന്നിരിക്കുന്നു

ഒരു കാലഘട്ടത്തിൽ ആളുകൾ വലിയ താല്പര്യത്തോട് അദ്ദേഹത്തിന്റെ പാട്ടുകൾ, അദ്ദേഹത്തിന്റെ പുസ്തകങ്ങൾ കൈക്കൊണ്ടിരുന്നു. യുക്തിവാദം ശനിദശയിൽ, ഏ.ഡി.2000 ഇങ്ങനെയുള്ള നിരവധി കൃതികളിലൂടെ അദ്ദേഹം ജനങ്ങൾക്കിടയിൽ സ്ഥാപിച്ച ഒരു ബന്ധമാണ് കഴിഞ്ഞ ചില വർഷങ്ങളായി തകർ

06

## ശാരോൻ ജനറൽ കൺവൻഷൻ 27 ന് തുടങ്ങും



റവ.ജോൺ തോമസ്



പാസ്റ്റർ ബെൻസൺ മത്തായി



പാസ്റ്റർ റ്റി.ജി.കോശി



പാസ്റ്റർ മാത്യു വർഗീസ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ നവംബർ 27 തിങ്കൾ ആരംഭിക്കും. വൈകിട്ട് 6 മണിക്ക് സഭാപ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്യും. ഡിസംബർ 3 ഞായറാഴ്ച വരെ തുടരുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ബെൻസൻ മത്തായി, റ്റി.ജി.കോശി, മാത്യു വർഗീസ്, ജോൺ ജോൺസൻ, വില്യംസ്, ഡോ. തോമസ് ഏബ്രഹാം തുടങ്ങി നിരവധി ദൈവദാസന്മാർ പ്രസംഗിക്കും. 'പരിവർത്തിക്കുന്ന ആത്മാവ്' എന്നതാണ് ചിന്താവിഷയം. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

ദിവസവും രാവിലെ 7.30 മുതൽ ബൈബിൾ സ്റ്റഡിയും, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9.30 മുതൽ പാസ്റ്റേഴ്സ് കോൺഫറൻസും ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ഉച്ചയ്ക്ക് 2.30 മുതൽ പ്രത്യേക യോഗങ്ങളാണ്. വെള്ളിയാഴ്ച രാവിലെ മിഷൻ കോൺഫറൻസും ഉച്ചകഴിഞ്ഞ് ബാഹ്യകേരളാ പാസ്റ്റേഴ്സ് മീറ്റിംഗും നടക്കും. ശനിയാഴ്ച രാവിലെ 9 മുതൽ സി.ഇ.എം സൺഡേസ്കൂൾ സംയുക്ത സമ്മേളനവും വനിതാ സമ്മേളനവും നടക്കും. ഉച്ചകഴിഞ്ഞ് മിഷൻ ചലഞ്ച് സെമിനാറാണ്.

ഞായറാഴ്ച രാവിലെ 7.30 ന് സ്നാന ശുശ്രൂഷയും 8.30 മുതൽ സംയുക്ത ആരാധനയും കർത്തൃമേശാ ശുശ്രൂഷയും നടക്കും. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുള്ള സഭാജനങ്ങളും ശുശ്രൂഷകന്മാരും പങ്കെടുക്കും.

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 23 മുതൽ 28 വരെ

ഷാജൻ ജോൺ ഇടയ്ക്കാട്/സാം യു. ഇളമ്പൽ/ജോൺസൺ സാമുവേൽ (മീഡിയ കൺവീനേഴ്സ്)

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 2 3 മുതൽ 28 വരെ പുനലൂർ ഏ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. 23 ചൊവ്വ വൈകിട്ട് 6 മണിക്ക് നടക്കുന്ന പ്രാരംഭ സമ്മേളനത്തിൽ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വാ മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി സൂപ്രണ്ട് ടി.ജെ. സാമുവേൽ ചെയർമാനായും, ട്രഷറർ പാസ്റ്റർ എ. രാജൻ ജനറൽ കോർഡിനേറ്ററുമായി വിപുലമായ കമ്മറ്റിയെ പ്രസ്ബിറ്ററി ചുമതലപ്പെടുത്തി. ഏ.ജി. ക്വയർ ആണ് സംഗീത ശുശ്രൂഷ നയിക്കുന്നത്.

24 ബുധൻ, 25 വ്യാഴം ദിവസങ്ങളിൽ ശുശ്രൂഷകസമ്മേളനം രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷകർക്കുള്ള ഓർഡിനേഷൻ നൽകുന്നതിനുള്ള പ്രത്യേക യോഗവും നടക്കും. 27 ശനി രാവിലെ 9 മുതൽ 1 വരെ സൺഡേ സ്കൂൾ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ 4 വരെ സി.എ. (യുവജന) സമ്മേളനവും നടക്കും.

28 ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കുന്ന സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള 8 ജില്ലകളിൽനിന്നായി 15000 ത്തിലധികം പേർ സംയുക്ത സഭായോഗത്തിൽ സംബന്ധിക്കുമെന്ന് കണക്കാക്കുന്നു. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ യോഗങ്ങൾ ക്രമീകരിക്കരുതെന്നും മുഴുവൻ സഭാംഗങ്ങളും ഈ കുടുംബസംഗമത്തിൽ സംഗമിക്കണമെന്നും സൂപ്രണ്ടും കൺവൻഷൻ കമ്മറ്റി ചെയർമാനുമായ പാസ്റ്റർ ടി.ജെ. സാമുവേലും, സഭാ ട്രഷററും കൺവൻഷൻ ജനറൽ കോർഡിനേറ്ററുമായ പാസ്റ്റർ എ. രാജനും അഭ്യർത്ഥിച്ചിട്ടുണ്ട്.

## സാക്ഷി



ക്രിസ്തീയ പാട്ടുകളിൽ അശ്ലീലം എന്ന് ഏഴംകുളം

*അശ്ലീലമുള്ള മനസ്സിന്റെ വൈകൃതം*

## സൗദിയുമായി സഹകരിക്കാൻ തയ്യാർ: യിസ്രായേൽ സൈനിക മേധാവി

പ്രകാശ് പി. കോശി

സൗദി അറേബ്യയുമായി സൈനിക വിവരങ്ങൾ പങ്ക് വെക്കുവാൻ യിസ്രായേൽ തയ്യാറാണെന്ന് ഇസ്രായേൽ സേനയായ IDF -ന്റെ മേധാവി ഗഡി ഐസൻകോട്ട് സൗദിപത്രം ഇലാഫിന് കൊടുത്ത അഭിമുഖത്തിൽ പറഞ്ഞു. സൗദി യിസ്രായേൽ ബന്ധം പരസ്യമാകുന്നു എന്ന വാർത്ത ചൂടാറുന്നതിന് മുമ്പ് യിസ്രായേൽ വക്താവിന്റെ ഈ പ്രസ്താവന രാഷ്ട്രീയ നിരീക്ഷകരിൽ കൗതുകം ഉണർത്തുന്നു. "ഇറാനെ പ്രതിരോധിക്കുന്നതിന് വേണ്ടി ഈ മേഖലയിൽ ഉള്ള അറബ് രാജ്യങ്ങളുമായും സൗദി അറേബ്യയുമായും ഞങ്ങളുടെ അനുഭവങ്ങളും സൈനിക വിവരങ്ങളും പങ്ക് വെക്കാൻ യിസ്രായേൽ തയ്യാറാണ്" എന്ന് IDF മേധാവി ഗഡി ഐസൻകോട്ട് പറഞ്ഞു.

"ഇറാക്ക്, സിറിയ, യെമൻ, ലബനൻ എന്നി രാജ്യങ്ങളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഇറാനെ തടയേണ്ടത് വളരെ അത്യാവശ്യമാണ്" പറഞ്ഞു ഐസൻകോട്ട്.

യിസ്രായേലുമായി പോരാട്ടത്തിലേർപ്പെടുന്ന ഹമാസ്, ഹിസബുള്ള സംഘങ്ങളെ സൗദി നേരത്തെ തള്ളിപറഞ്ഞിരുന്നു. സൗദിയും യിസ്രായേലും അടുക്കുന്നത് ഇറാൻ വളരെ സൂക്ഷ്മതയോടെ ആണ് കാണുന്നത്. പുതിയ സഹകരണ സംവാദത്തിന്റെ പശ്ചാത്തലത്തിൽ ഇറാൻ പ്രസിഡന്റ് റൂഹാനി ഇങ്ങനെ പറഞ്ഞു: "ലബനനിലെ ജനങ്ങളുടെമേൽ ബോംബിടാൻ സയോണിസ്റ്റ് ഭരണകൂടത്തോട് യാചിക്കുന്നത് ഒരു മുസ്ലിം രാഷ്ട്രത്തെ സംബന്ധിച്ച് നിന്ദ്യവും ഹീനവുമാണ്". "ചരിത്രത്തിലെങ്ങും കാണാത്ത അപക്വതയാണ് ഈ രാജ്യങ്ങളിലെ ഭരണാധികാരികൾ കാണിക്കുന്നത്". യിസ്രായേൽ-സൗദി ബന്ധത്തെപ്പറ്റി ഇറാൻ പ്രസിഡന്റ് റൂഹാനി പറഞ്ഞു.

ഇതിനിടയിൽ യിസ്രായേൽ മന്ത്രി ആയൂബ്കാര സൗദിയിലെ മുതിർന്ന മുസ്ലീം

03

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


**ലേഖനം**

# സംസാരിക്കുന്ന യന്ത്രമനുഷ്യന് പൗരത്വം




ഷൈജു തോമസ്, ഞാറയ്ക്കൽ
9447313709, 7561800305


**വേ**ദപുസ്തക പ്രവചനങ്ങൾ നിവൃത്തികരിക്കപ്പെടുന്നു വെളിപ്പാട് പുസ്തകം 13-ാം അദ്ധ്യയത്തിൽ അത് മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭുമിയിലേക്കു തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിക്കുവാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെകൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിനു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറയുകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമക്ക് ആത്മാവിനെ കൊടുക്കുവാൻ അതിനു ബലം ലഭിച്ചു എന്ന് കാണുന്നു. വേദപുസ്തകം എതിർക്രിസ്തുവിനെ 'മൃഗം' എന്നു വിളിക്കുന്നു. എതിർക്രിസ്തുവിന്റെ ഭരണത്തിൽ ലോകവ്യവസ്ഥിതികൾ മാറും, അവന്റെ കരങ്ങളാൽ വ്യാപാരങ്ങൾ വർദ്ധിക്കും. എല്ലാതരത്തിലുമുള്ള ഫാക്ടറികളും വളരെ പ്രവർത്തനോന്മുഖമാകും. ഏകലോക ഗവൺമെന്റും ഏകലോകനാണയവും നിലവിൽ വന്നതിനാൽ എല്ലായിടത്തും അഭിവൃദ്ധിമാത്രം! അങ്ങനെ ലോകം എതിർക്രിസ്തുവിനെ മികച്ച ഭരണാധികാരിയായി അംഗികരിക്കും. ഇങ്ങനെയൊക്കെ സംഭവിക്കേണ്ടതിന് മുന്നോടിയാണ് ഇന്ന് നടക്കുന്നത്. വിശുദ്ധ വേദപുസ്തകത്തിൽ പ്രവാചകവര്യന്മാരിലൂടെ ദൈവം അരുളി ചെയ്തതെല്ലാം നിറവേറിക്കൊണ്ടിരിക്കുന്നു. വിശുദ്ധ വേദപുസ്തകം ഒരു പ്രവചന ഗ്രന്ഥം കൂടിയാണ്. ഇതിലെ നിവൃത്തികരിക്കപ്പെട്ട പ്രവചനങ്ങൾ എല്ലാം ഇന്ന് ചരിത്രത്തിന്റെ താളുകളായി മാറി. അതുപോലെ തന്നെ സമീപഭാവിയിൽ ലോകത്തിൽ എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് മനസ്സിലാക്കവാൻ വേദപുസ്തക പ്രവചനങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ശാസ്ത്രീയ സത്യങ്ങളെ അപഗ്രഥിച്ച് പഠിക്കുക മാത്രം ചെയ്താൽ മതി. ലോകത്തിന്റെ അന്ത്യത്തെക്കുറിച്ചും, അന്ത്യകാല സംഭവങ്ങളെ കുറിച്ചും സുവ്യക്തമായി വേദപുസ്തക പ്രവചനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിന്റെ പ്രഥമമായ പടിയായിരുന്നു സോഫിയ എന്ന യന്ത്രമനുഷ്യന് സൗദി പൗരത്വം നല്കി കൊടുത്തത്. സൗദിയിൽ നടന്ന ഫ്യൂച്ചർ ഇൻവെസ്റ്റ്മെന്റ് ഇനിഷ്യേറ്റിവ് കോൺഫറൻസിൽ വച്ചാണ് സോഫിയക്ക് പൗരത്വം നൽകിയത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ. ഇതാദ്യമായാണ് ഒരു രാജ്യം റോബോട്ടിന് പൗരത്വം നൽകുന്നത്. അപൂർവമായ ഈ അംഗീകാരത്തിൽ താൻ ഏറെ അഭിമാനിക്കുന്നുവെന്നും പൗരത്വം ലഭിക്കുന്ന ആദ്യ റോബോട്ട് ചരിത്രപരമാണെന്നും സോഫിയ പ്രതികരിച്ചു. ജനങ്ങളോടൊത്ത് ഇടപഴകി അവരിലൊരാളായി തീരണമെന്ന മോഹവും സോഫിയ പങ്കുവച്ചു. മനുഷ്യർക്ക് നല്ല രീതിയിലുള്ള ജീവിതം നയിക്കുന്നതിനാവശ്യമായ കാര്യങ്ങൾക്കു വേണ്ടി തന്റെ നിർമിത ബുദ്ധി ഉപയോഗിക്കുമെന്നും, ഈ ലോകത്തെ മികച്ച ഒരിടമാക്കി മാറ്റാൻ തന്നെക്കൊണ്ട് സാധിക്കും വിധം പരിശ്രമിക്കുമെന്നും സോഫിയ എന്ന മനുഷ്യനിർമ്മിത റോബോർട്ട് പറഞ്ഞു. കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമാതാക്കൾ. 2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. പ്രസസ്ത നടി ഓഡ്രി ഹെപ്ബേണിനെ മാതൃകയാക്കിയാണ് സോഫിയയെ രൂപകൽപന ചെയ്തത്. നിർമ്മാതാക്കളുടെ അറിയിപ്പനുസരിച്ച്, സോഫിയയ്ക്ക് കൃത്രിമബുദ്ധിയുണ്ട്. വിവരവിശകലനത്തിനും മുഖഭാവം തിരിച്ചറിയുന്നതിനുമുള്ള കഴിവുമുണ്ട്. മനുഷ്യരുടെ അംഗചേഷ്ഠകൾ അനുകരിക്കാനും ചോദ്യങ്ങൾക്ക് മറുപടി നൽകാനും സാധിക്കുന്നു. ഇതാണ് സോഫിയ എന്ന യന്ത്രമനുഷ്യന്റെ പ്രത്യേകത.

സംസാരിക്കുന്ന ആദ്യ യന്ത്രമനുഷ്യൻ അല്ല സോഫിയ. ആദ്യമായി പൗരത്വം ലഭിച്ച റോബോട്ട് എന്ന പദവിയാണ് സോഫിയായ്ക്കുള്ളത്. ബ

06

# ഗതി തെറ്റിയ കേരളാ പെന്തെക്കോസ്ത്

**ഭാഗം – 2**

## ദർശനം നഷ്ടപ്പെട്ട്, ഉല്ലസിക്കുന്ന സഭ




പാസ്റ്റർ ഫിലിപ്പ് പി. തോമസ്


**പെ**ന്തെക്കോസ്ത് അനുഭവം ഇല്ലാത്തവരുടെ കൂട്ടമായി പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ അധഃപതിച്ചതിനെക്കുറിച്ച് കഴിഞ്ഞലക്കത്തിൽ ചിന്തിച്ചുവല്ലോ. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച മറ്റൊരു അപചയം ദർശനം നഷ്ടപ്പെട്ടതാണ്. ദർശനം ഇല്ലാതായപ്പോൾ ദൗത്യം മറന്നു. ദൗത്യം മറന്ന്, ലക്ഷ്യമില്ലാതെ യാത്ര ചെയ്യുന്നവർക്ക് കാണുന്ന വണ്ടിയേലെല്ലാം കേറാം; എങ്ങോട്ടു വേണമെങ്കിലും യാത്ര ചെയ്യാം.

കേരളാ പെന്തെക്കോസ്തിലെ ഒന്നാം തലമുറക്കാർ സ്വന്തമായതെല്ലാം വിട്ടിറങ്ങിയവരാണ്. ലാഭമായതെല്ലാം ചേതമെന്നെണ്ണി, അക്കരെ നാടിനെ ലക്ഷ്യമാക്കി യാത്ര ചെയ്തവർക്ക് സ്വന്തമെന്നു പറയാനുണ്ടായിരുന്നത് അവരുടെ ഉള്ളിൽ ആളികത്തിയ ദർശനമായിരുന്നു. റോക്കറ്റിന്റെ പിന്നിൽ ആളികത്തുന്ന തീപോലെ അവരുടെ ഉള്ളിലെ ദർശനം പകർന്ന ഊർജ്ജമാണ് അവരെ മുൻപോട്ടു കുതിപ്പിച്ചത്. അവരുടെ ലക്ഷ്യം അക്കരെയായിരുന്നു. വല്ല വിധേനയും നരകതീയിൽ നിന്ന് ചിലരെ വലിച്ചെടുക്കണമെന്നതായിരുന്നു ദർശനം. നിലവിലെ സ്ഥിതിയിൽ സംതൃപ്തനായ വ്യക്തിക്ക് ദർശനം ഉണ്ടാവില്ലല്ലോ. ഇപ്പോഴത്തെ സ്ഥിതിയിൽ അതൃപ്തനും അസ്വസ്ഥനുമായവനാണ് ദർശനം ഉണ്ടാവുക. ദർശനം ഉള്ളവർ അതിന് വില കൊടുക്കേണ്ടിവരും. സുവിശേഷീകരണമായിരുന്നു പെന്തെക്കോസ്തരുടെ ലക്ഷ്യം. ദൈവം സഭയെ നിലനിർത്തിയിരിക്കുന്നത് സുവിശേഷവൽക്കരണത്തിനാണ്. പ്രസ്ഥാനവൽക്കരണവും സ്ഥാപനവൽക്കരണവുമല്ലാ സഭയുടെ ലക്ഷ്യം.

എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അ.പ്ര.1:8). പരിശുദ്ധാത്മശക്തി നൽകപ്പെട്ടത് സുവിശേഷീകരണത്തിനാണ് കേരളത്തിലും പരിശുദ്ധാത്മ സ്നാനം പ്രാപിച്ച ഒന്നാം തലമുറയുടെ പ്രധാനലക്ഷ്യം സുവിശേഷീകരണമായിരുന്നു. രക്ഷിക്കപ്പെട്ട ഏവരും രക്ഷിക്കപ്പെടാത്തവരോട് സുവിശേഷം അറിയിച്ചു. അങ്ങനെ ആയിരങ്ങൾ വീണ്ടും ജനനം പ്രാപിച്ച് സഭയോടു ചേർന്നു. പരസ്യയോഗങ്ങളും കൺവൻഷനുകളുമെല്ലാം സുവിശേഷീകരണത്തിന്റെ മാധ്യമമായി ഉപയോഗിച്ചു.

ഒന്നാം നൂറ്റാണ്ടിലെ സഭപോലെതന്നെ, കേരളാ പെന്തെക്കോസ്തു വളർന്നത് രക്ഷിക്കപ്പെട്ടവർ സഭയോടു ചേർന്നാണ്. എന്നാൽ ഇന്നത്തെ സ്ഥിതി മാറി. ഇന്ന് മിക്ക സഭകളും വളരുന്നത് ജീവശാസ്ത്രപരമായാണ്. സഭാംഗങ്ങൾ പെറ്റുപെരുകി സഭ വളരുകയാണ്. സഭാംഗങ്ങൾക്കു ജനിക്കുന്ന നല്ലൊരു പങ്ക് കുട്ടികളും വീണ്ടുംജനനം കൂടാതെ സ്നാനപ്പെട്ട് സഭയിൽ അംഗങ്ങളാകുന്നു. പുറത്തുനിന്നു രോഗസൗഖ്യവും, സാമ്പത്തികപ്രശ്നം മുതലായ പല പ്രശ്നങ്ങളോടുള്ള ബന്ധത്തിൽ പ്രാർത്ഥനക്കായി സഭയിൽ വരുന്നവരിൽ ചിലർ ക്രമേണ സ്നാനപ്പെടാറുണ്ടെങ്കിലും പലരും വീണ്ടും ജനിച്ചവരല്ല. ആത്മീയത്തെക്കാൾ ഭൗതികതക്കായി സഭയിൽ ചേരുന്നവർ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളല്ല. നമ്മുടെ കുട്ടികൾ വീണ്ടുംജനന അനുഭവത്തിൽ വരാത്തതിന്റെ പ്രധാനകാരണം അവർ സുവിശേഷം കേൾക്കുന്നില്ലായെന്നതുതന്നെയാണ്. നമ്മുടെ പല കൺവൻഷനുകളും ഗാനമേളകളായി മാറി. യാതൊരു ആത്മീക നിലവാരവുമില്ലാത്ത ചില കലാകാരന്മാരുടെ ശബ്ദകോലാഹലങ്ങളാണ് മിക്ക ഗാനമേളകളും അവരുടെ പാട്ട് നന്നാകണമെന്നല്ലാതെ, ആർക്കെങ്കിലും ആത്മീക വർദ്ധനവുണ്ടാകണമെന്നോ, യോഗം നന്നാകണമെന്നോ ആഗ്രഹമില്ല. (എല്ലാ പാട്ടുകാരു-അങ്ങനെയല്ല). സദസുകലാ ആസ്വാദനത്തിനപ്പുറം പാടി ആരാധിക്കുന്നതിൽ തല്പരല്ല. കുറെപ്പേർ പാടുന്നു, കുറെപ്പേർ കേട്ടിരിക്കുന്നു. എല്ലാ കഴിയുമ്പോൾ പ്രസംഗകൻ സദസിന്റെ ജഡം ഉല്ലസിക്കുവാനുള്ള ഒരു പ്രസംഗവും നടത്തുന്നു. ക്രൂശിക്കപ്പെട്ടതു ബാനറിൽ മാത്രം.

സുവിശേഷം പ്രസംഗിക്കപ്പെടാത്ത കൺവൻഷനുകൾ എന്തിനാണ്? ചില വർഷങ്ങൾക്കുമുമ്പ് ഒരു യോഗം കഴിഞ്ഞ് പാഴ്സനേജിൽ ഭക്ഷണത്തിനിരിക്കുമ്പോൾ, പാസ്റ്ററുടെ മകൻ എന്നോട് പറഞ്ഞതിപ്രകാരമാണ്– "അങ്കിളെ, ഞാൻ ആദ്യമായാണ് വീണ്ടും ജനനത്തെക്കുറിച്ച് ഇന്ന് കേട്ടത്". 14 വയസുപ്രായമുള്ള, പാസ്റ്ററുടെ മകനായി വളർന്ന പയ്യൻ സുവിശേഷം കേട്ടിട്ടില്ല. മറ്റൊരു സഭയിൽ കർത്തൃമേശയെടുക്കാത്ത ഒരു കുട്ടിയോട് ഞാൻ കാരണം അന്വേഷിച്ചപ്പോൾ പറഞ്ഞത് സ്നാനപ്പെട്ടതല്ലായെന്നാണ്. അപ്പോൾ ഞാൻ ചോദിച്ചത്, രക്ഷിക്കപ്പെട്ടതാണോ എന്ന് കുട്ടിയുടെ മറുചോദ്യം "അതെന്തവാ...." ഇതും ഒരു പാസ്റ്ററുടെ കുട്ടിയാണ്.

"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൽ പ്രകാരം മരിച്ചു, അടക്കപ്പെട്ടു തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു..." (1കൊരി.15:3) എന്നതാണ് സുവിശേഷത്തിന്റെ ചുരുക്കം. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ കൃപയാൽ, പാപികൾക്ക് ലഭിക്കുന്ന സൗജന്യമായ രക്ഷയുടെ സന്ദേശമാണ് സുവിശേഷം. ആത്മാവിന്റെ രക്ഷയെക്കാൾ ഇന്ന് സഭ പ്രാധാന്യം കൊടുക്കുന്നത് ശരീരരക്ഷയും, സാമ്പത്തികരക്ഷയുമാണ്. ഇതിന് വ്യത്യാസം വന്നേപറ്റൂ. പാപത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചും വീണ്ടും ജനനത്തെക്കുറിച്ചും പ്രസംഗിക്കുന്നവരെ ഇന്ന് പെന്തെക്കോസ്തുകാർക്ക് വേണ്ടാതാകുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുന്ന പരിശുദ്ധാത്മാവിനെ വിസായും പണവും കൊണ്ടുവരുന്ന ഏജന്റായി പ്രഖ്യാപിക്കുമ്പോൾ ജനം ഉല്ലസിക്കുന്നു. ഇത് ഗതിതെറ്റിയ സുവിശേഷമാണ്.

ആവണക്കു നിമിത്തം അത്യന്തം സന്തോഷിച്ച യോനയെപ്പോലെ, ഭൗതികതയിലും, കലാ ആസ്വാദനത്തിലും ഉല്ലസിക്കുന്ന തലമുറ ഗതി തെറ്റിയവരാണ്. യോനയുടെ സങ്കടംകണ്ട് അവന്റെ തണലിനായി ദൈവം കല്പിച്ചുണ്ടാക്കിയ ആവണക്കിനു കീഴിലിരുന്ന യോനാ അറിഞ്ഞില്ല. ഇതൊരു ദിവസം ഉണങ്ങുമെന്ന്.

"ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനുമുട്ടില്ല എന്നു പറഞ്ഞുകൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന് അറിയാതിരിക്കയാൽ...."എന്ന് പറഞ്ഞിരിക്കുന്നത് എത്ര ശരിയാണ് ഇന്നത്തെ പെന്തെക്കോസ്തരെ സംബന്ധിച്ചു. ആർക്കും പ്രവർത്തിച്ചു കൂടാതെ രാത്രി വരുന്നതിനുമുമ്പ് സുവിശേഷത്തിന്റെ കാഹളം ഊതാം. നമ്മുടെ ലക്ഷ്യത്തിലേക്ക് മടങ്ങാം. ദൈവത്തിന്റെ ദാനത്തെക്കാൾ ദൈവത്തിന്റെ ഉല്ലസിക്കാം. ഈ കൺവൻഷൻ സീസൺ സുവിശേഷയോഗങ്ങളാക്കി മാറ്റാം.

(തുടരും...)

## അക്ഷരങ്ങളുടെ അത്ഭുതലോകം - 4

# വാളെടുക്കുന്ന ബുദ്ധിജീവികൾ



ടീയെസ് കപ്പമാംമ്മൂട്ടിൽ

പരശുരാമൻ മഴുവെറിഞ്ഞ് നേടിയതൊരു ദുരന്തമായിരുവെന്ന് തെളിയിക്കുവാൻ കേരളീയരിൽ ഒരു നല്ല പങ്ക് കച്ചകെട്ടി അങ്കത്തട്ടിൽ ഇറങ്ങിയിരിക്കുന്ന കാലമാണിത്. കേരളമെന്നു കേട്ടാൽ ചോര ഞരമ്പുകളിൽ തിളയ്ക്കുന്ന ഏതൊരു കേരളീയനും ശിരസ്സുയർത്തി നില്ക്കാൻ കഴിയുന്ന നിലയിൽ സാക്ഷര കേരളത്തിന്റെ ഖ്യാതി ചക്രവാള സീമകളോളം ഇതിനകം എത്തിക്കഴിഞ്ഞിരിക്കുന്നു. അരങ്ങു കൊഴുപ്പിച്ചുകൊണ്ടിരിക്കുന്ന കൊലകളുടേയും കൊള്ളകളുടേയും പീഡനതാഡനങ്ങളുടേയും വീരകഥകൾ കേട്ട് കേരളത്തിലെ ഓരോ മണൽത്തരികളും കോരിത്തരിക്കുമ്പോൾ, ചൂടുള്ള പ്രസ്തുത വാർത്തകൾ ദിനപ്പത്രങ്ങളുടെ ഒന്നാം പേജിൽത്തന്നെ ഇടം കണ്ടെത്തുമ്പോൾ, വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ പ്രശസ്തിയെ ഓർത്ത് ഏത് മലയാളിയാണ് അഭിമാന വിജ്രംഭിതനാകാത്തത്?

കേരളത്തിൽ ദിനംതോറും അരങ്ങു തകർത്തുകൊണ്ടിരിക്കുന്ന ഇത്തരം കലാപരിപാടികളുടെ ആവർത്തന വിരസതകൊണ്ടായിരിക്കാം ബുദ്ധിജീവികൾ പൊതുവെ ഇത്തരം വാർത്തകളോടു പ്രതികരിക്കാറില്ല. എന്നാൽ അടുത്തയിടെ കാതുകളിൽ ഒഴുകിയെത്തിയ സുഭാഷിതങ്ങൾ കേട്ട് നമ്മുടെ ബുദ്ധിജീവികൾ പലരും സടകുടഞ്ഞെഴുന്നേറ്റു. അനാവൃതമായ ഏതു കഴുത്തുകണ്ടാലും വാൾ ചുഴറ്റി ഗളച്ഛേദനമെന്ന പരിപാപന കർമ്മം നിർവ്വഹിക്കുവാൻ കണ്ണിൽ എണ്ണയൊഴിച്ചു കാത്തിരുന്ന ബുദ്ധിജീവികൾ കിട്ടിയ സുവർണ്ണാവസരം പാഴാക്കിയില്ല. ഗെത്ത് ശെമനത്തോട്ടത്തിൽ മഹാപുരോഹിതന്റെ ദാസനായ മല്ക്കൊസിന്റെ കഴുത്തുനോക്കി വാൾകൊണ്ടുവെട്ടിയപ്പോൾ ശീമോൻ പത്രോസിനു പറ്റിയ അബദ്ധം ഏതായാലും ഇവിടെ സംഭവിച്ചില്ല. വാളിന്റെ മൂർച്ചയുള്ള വായ്ത്തല ലക്ഷ്യസ്ഥാനത്തുതന്നെ പതിച്ചു.

മൂർച്ചയുള്ള വാൾ അന്തരീക്ഷത്തിൽ ചുഴറ്റി പോർക്കളത്തിലേക്ക് ഒന്നടങ്കം ഇറങ്ങുവാൻ ബുദ്ധിജീവികളെ പ്രകോപിപ്പിച്ച ആ പ്രസ്താവന ശ്രദ്ധേയമാണ്.

“വായന അതിരു കടന്ന ശീലമാണ്. ഒരു പുസ്തകത്തിനുവേണ്ടി മണിക്കൂറുകളായ മണിക്കൂറുകളൊക്കെ കളഞ്ഞു കുളിക്കുന്നതിനേക്കാൾ എത്രയോ നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ചെയ്യാൻ കഴിയും”.

ഈ പ്രസ്താവന നടത്തിയ ഡോക്ടർ ശ്രീറാം വെങ്കട്ട രാമൻ ഒരു സാധാരണക്കാരനല്ല. വൈദ്യശാസ്ത്രരംഗത്തു നിന്നും സിവിൽ സർവ്വീസ് മേഖലയിലെത്തിയ ഈ യുവപ്രതിഭ, 2013-ൽ നടന്ന സിവിൽ സർവ്വീസ് പരീക്ഷയിൽ രണ്ടാം റാങ്കുനേടി ജനശ്രദ്ധ പിടിച്ചു പറ്റിയ വ്യക്തിയാണ്. ദേവികളും സബ്കളക്ടറായിരിക്കുമ്പോൾ, സർക്കാർ വക വസ്തുക്കൾ കയ്യേറി റിസോർട്ടുകളും, പഞ്ചനക്ഷത്രഹോട്ടലുകളും പണിതുയർത്തുന്ന ബിസിനസ്സ് ലോബികൾക്ക് കുടപിടിച്ചു കൊടുക്കുന്ന ഭൂമാഫിയകൾക്കെതിരെ കൈക്കൊണ്ട കർക്കശമായ നിലപാടുകളാണ് അദ്ദേഹത്തെ ജനപ്രീയനാക്കിയത്. തൽഫലമായി, ഈ വിഭാഗങ്ങളുമായി അവിശുദ്ധബന്ധം പുലർത്തുന്ന രാഷ്ട്രീയ മാഫിയകളുടെ കണ്ണിലെ കരടായി മാറുകയായിരുന്നു അദ്ദേഹം. അഴിമതിക്കും അനീതിക്കും സ്വജന പക്ഷപാതത്തിനുമെതിരെ അതിശക്തമായി നിലപാടുകൾ കൈക്കൊണ്ടതിന്റെ ഫലമായി ദേവികളും സബ്കളക്ടറുടെ സ്ഥാനത്തുനിന്നും ഭരണകൂടം അദ്ദേഹത്തെ നീക്കി തികച്ചും അപ്രസക്തമായ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയക്ടറായി നിയമിക്കുകയായിരുന്നു.

അഴിമതിക്കെതിരെയുള്ള പ്രതികരണങ്ങളും പോരാട്ടങ്ങളും വേദിയിൽ മാത്രമൊതുക്കി നിർത്തുന്നതാണ് തടിക്ക് നല്ലതെന്ന പരോക്ഷമായ സന്ദേശമാണ് ഇടതുമുന്നണി സർക്കാർ ഈ പുതിയനിയമനത്തിലൂടെ ഡോ. വെങ്കിട്ടരാമന് നൽകിയിരിക്കുന്നത്. ഭരിക്കുന്നത് ഇടതുമുന്നണിയാണെങ്കിലും, വലതുമുന്നണിയാണെങ്കിലും, മൂന്നാറിലെ സർക്കാർ ഭൂമികയ്യേറുന്ന കറക്കു കമ്പനികളെ തൊട്ടുകളിച്ചാൽ കൈപൊള്ളുമെന്ന അമൂല്യമായ പാഠവും ഇതിനകം അദ്ദേഹം ഉൾക്കൊണ്ടിരിക്കണം.

1991-ൽ നടന്ന സിവിൽ സർവ്വീസ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി സാക്ഷരകേരളത്തിന്റെ അഭിമാനം വാനോളം ഉയർത്തുകയും, അഴിമതിക്കാരായ രാഷ്ട്രീയക്കാരേയും സർക്കാർ ഉദ്യോഗസ്ഥരേയും നിലയ്ക്കു നിർത്തുവാൻ ശ്രമിച്ചതിന്റെ ഫലമായി മാറിമാറി കേരളം ഭരിച്ച സർക്കാരുകളാൽ ഒരു മൂലയ്ക്ക് ഒതുക്കപ്പെടുകയും ചെയ്ത സത്യസന്ധനായ രാജൂ നാരായണ സ്വാമി നേരിടേണ്ടി വന്ന തിക്താനുഭവങ്ങൾ ഓർത്തിരുന്നെങ്കിൽ ഡോ. വെങ്കിട്ടരാമൻ മൂന്നാറിൽ നടത്തിയ സാഹസങ്ങൾക്ക് മുതിരുമായിരുന്നോ? നിശ്ചയമില്ല.

വായന അതിരുകടന്ന ശീലമാണെന്ന മുൻ ദേവികുളം സബ് കളക്ടറുടെ അഭിപ്രായത്തിനെതിരെ ചുട്ടു പൊള്ളുന്ന അതിരൂക്ഷമായ വിമർശനങ്ങളാണ് വിഷശരങ്ങളേപ്പോലെ ബുദ്ധിജീവികൾ സോഷ്യൽ മീഡിയകളിലൂടെ എയ്തുവിട്ടത്. പ്രശസ്ത ഗ്രന്ഥ കർത്രി ദീപാനിശാന്ത് അതിശക്തമായിത്തന്നെ പ്രസ്തുത പ്രസ്താവനയ്ക്കെതിരെ പ്രതികരിച്ചു.

“കുളിയ്ക്കുക, പല്ലുതേയ്ക്കുക തുടങ്ങിയ അതിരുകടന്ന ശീലങ്ങളിൽ നിന്നൊക്കെ മുക്തരായി കർമ്മം ചെയ്യുക.....എനിക്ക് നല്ല കുറ്റബോധമുണ്ട്. ഇന്നു ഞാൻ പോയത് ഒരു ലൈബ്രറി ഉദ്ഘാടനത്തിനാണ്. ഉദ്ഘാടനം ചെയ്യുന്നതിനു പകരം “ആ ലൈബ്രറി അങ്ങ് കത്തിച്ചുകളയാമായിരുന്നു”.

മാധ്യമപ്രവർത്തകനായ വിഷ്ണു വേണുഗോപൻ പരിഹാസത്തിൽ പൊതിഞ്ഞ തീക്ഷ്ണതയേറിയ വാക്കുകളിലൂടെയാണ് ഡോ. വെങ്കിട്ട രാമനെതിരെ ആഞ്ഞടിച്ചത്.

“ചവറു പുസ്തകങ്ങളൊക്കെ വായിച്ച് ഐ. എ. എസ്സ് എടുത്ത സമയത്ത് തെങ്ങിനു തടം എടുത്തിരുന്നെങ്കിൽ നാലു തേങ്ങയെങ്കിലും കിട്ടിയേനെ, അല്ലയോ ‘വിഷ്ടർ’ തേവള്ളിപ്പറമ്പിൽ. വായന എന്താണ് എന്നു പോലും അറിയാത്ത ദുരന്തം”.

ബുദ്ധിജീവികൾ ഡോ. വെങ്കിട്ടരാമനെ പിച്ചിച്ചീന്തുവാൻ അദ്ദേഹത്തിന്റെമേൽ ചാടിവീഴുന്നതിനു മുമ്പ് ഒരു ചോദ്യം സ്വയം ചോദിച്ചാൽ സത്യത്തിന്റെ പൊരുൾ അനാവരണം ചെയ്യുവാൻ കഴിയുമെന്നാണ് തോന്നുന്നത്. വൈദ്യശാസ്ത്ര രംഗത്തുനിന്നും സിവിൽ സർവ്വീസ് മേഖലയിലെത്തി അവിടെ ചുവടുറപ്പിക്കുവാനുള്ള ആശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായി രാത്രികളെ പകലുകളാക്കി എടുത്താൻ പൊങ്ങാത്ത തടിച്ച പുസ്തകങ്ങൾ അരച്ചു കലക്കിക്കുടിച്ച് നക്ഷത്രത്തിളക്കത്തോടെ പരീക്ഷയെന്ന കടമ്പതരണം ചെയ്ത ഒരു യുവപ്രതിഭ വായനയുടെ വില കുറച്ചുകളയുന്ന ഒരു പ്രസ്താവനയിലൂടെ എന്തോ അദ്ദേഹം പറയാതെ പറയുകയല്ലേ?

സമൂഹത്തെ കാർന്നുതിന്നുന്ന അഴിമതിക്കും അനീതിക്കുമെതിരെ ആഞ്ഞടിക്കുവാൻ സിവിൽ സർവ്വീസ് മേഖലയിലെത്തിയ ശ്രീറാം വെങ്കിട്ടരാമന് മൂന്നാറിലെ തിരിച്ചടികൾ മനസ്സിനേല്പിച്ച മാരകമായ മുറിവുകളാണ് അദ്ദേഹത്തെക്കൊണ്ട് ആ പ്രസ്താവന ചെയ്യിച്ചത്. വായനയുടെ മഹത്വം അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിക്ക് ഒരിക്കലും വായനയെ ഇകഴ്ത്തിപ്പറയുവാനാവില്ല. മീൻ കച്ചവടം, രാഷ്ട്രീയം, പരദൂഷണം എന്നീ മേഖകളിലൊഴിച്ചുള്ള എല്ലാ മണ്ഡലങ്ങളിലും ഇന്ന് പിടിച്ചു നില്ക്കണമെങ്കിൽ വായന അനിവാര്യമാണ്.

സത്യസന്ധനായ ഒരു ഐ.എ. എസ്സ് ഓഫീസ്സറെന്ന നിലയിൽ അദ്ദേഹം അനുഭവിക്കേണ്ടി വന്ന അപ്രതീക്ഷിതമായ തിരിച്ചടികളും അവഹേളനകളും ഉളവാക്കിയ ഹൃദയവേദനയുടെ സ്പന്ദനങ്ങൾ ആ വാക്കുകളിലുണ്ട്. വൈദ്യശാസ്ത്രരംഗത്തെ പാടെ ഉപേക്ഷിച്ച് അക്ഷരങ്ങളുടെ അത്ഭുതലോകത്തിൽ തപസ്സിരുന്ന് സിവൽ സർവ്വീസ് മേഖല കീഴടക്കുവാനെടുത്ത തീരുമാനം പരമാബദ്ധമായിപ്പോയി എന്ന് ഉള്ളിലെങ്കിലും അദ്ദേഹം ചിന്തിക്കുന്നുണ്ടോ? വൈദ്യശാസ്ത്രത്തിൽ ചുവടുറപ്പിച്ച് നിന്നിരുന്നെങ്കിൽ ഉയരങ്ങളുടെ ഗിരി ശൃംഗങ്ങൾ കീഴടക്കാമായിരുന്നു എന്നോർത്ത് അദ്ദേഹമിന്ന് നെടുവീർപ്പിടുകയാണോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ഡോ. വെങ്കിട്ടരാമനുമാത്രമേ കഴിയൂ.

വായനയൊരു ആഡംബരമല്ല. മനുഷ്യന്റെ മാനസികമായ വളർച്ചക്ക് അനിവാര്യമാണ് വായനയെന്നു വിശ്വസിക്കുന്ന പാറൻ വിയേഴ്സ്ബ് വേദാദ്ധ്യാപകൻ, വചനപ്രഘോഷകൻ, ക്രൈസ്തവ ഗ്രന്ഥ കർത്താവ് എന്നീ നിലകളിൽ പ്രസിദ്ധനാണ്. ആഴവും പരപ്പുമുള്ള വായന അനുഭവമാക്കിയ അദ്ദേഹം വായന ആസ്വദിക്കുന്നതിന് മൂന്നു കാരണങ്ങളാണുള്ളത്. അദ്ദേഹത്തിന്റെ വാക്കുകളിവിടെ ഉദ്ധരിക്കട്ടെ.

“ഒന്നാമത്, ഞാനെപ്പോഴും കാണുവാൻ ആഗ്രഹിക്കുന്നവരെ കാണുമ്പോഴുള്ള സന്തോഷം ചെറുതല്ല. ഹഡ്സൻ ടെയ്‌ലറോ, ചാൾസ് സ്പർജ്ജനോ, കാമ്പൽ മോർഗനോ ഒരു സഭയിൽ പ്രസംഗിക്കുന്നു എന്ന വസ്തുത പ്രസിദ്ധമാക്കിയാൽ, ആ പ്രസംഗം കേൾക്കുവാൻ ലോകത്തിന്റെ അഞ്ചു വൻകരങ്ങളിൽ നിന്നും ആളുകൾ ഓടിയെത്തും. ഹഡ്സൻ ടെയ്‌ലർ രചിച്ചയൊരു ഗ്രന്ഥംവായിക്കുവാൻ അദ്ദേഹം നമ്മോട് പ്രസംഗിക്കുകയാണെന്ന വസ്തുത നാം മറന്നുപോകുന്നു.

ചരിത്രത്തിലെ സുപ്രധാനമായ കാലഘട്ടങ്ങളെ സന്ദർശിക്കുവാൻ കഴിയുന്നതാണ് മറ്റൊരു സന്തോഷം. വിക്ടോറിയൻ കാലഘട്ടമായ 1835 മുതൽ 1895 വരെ ലണ്ടനിൽ ജീവിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചിട്ടുണ്ട്....ദൈവസൃഷ്ടിയായ ഭൂമിയിൽ ഒരു നിർണ്ണായകമായ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മഹാന്മാരായ എഫ്. ബി. മേയർ, ഡി. എൽ. മൂഡി, സി. എച്ച്. സ്പർജ്ജൻ, ജോസഫ് പാർക്കർ, അലക്സാണ്ടർ മെക്ലാറൻ തുടങ്ങിയവരുടെ വചനഘോഷണങ്ങൾ കേൾക്കാൻ (വായനയിലൂടെ) ദേശങ്ങളിലേക്കു യാത്ര ചെയ്‌വാൻ എനിക്കു കഴിയും.

വിവാദ വിഷയങ്ങളെ അപഗ്രഥിച്ച് കൂടുതലായി മനസ്സിലാക്കുവാൻ കഴിയുന്നു എന്നതാണ് എന്റെ മൂന്നാമത്തെ സന്തോഷം...എല്ലാവർക്കും ജീവിതത്തെക്കുറിച്ച് ഒരു കാഴ്ച്ചപ്പാടുള്ളതിനാൽ (ഒരർത്ഥത്തിൽ) എല്ലാവരും തത്വചിന്തകരാണ്”.

bookonpsalm23@gmail.com

## 01 സൗദിയുമായി.....

പണ്ഡിതനും ഗ്രാന്റ് മുഫ്തിയും ആയ അബ്ദുൽ അസീസ് അൽ ഷെയക്കിനെ യിസ്രായേലിലേക്ക് ക്ഷണിച്ചു. ഹമാസിനെതിരെ ശബ്ദമുയർത്തിയതിനാണ് മന്ത്രി ആയുബ് മുഫ്തിയെ യിസ്രായേലിലേക്ക് ക്ഷണിച്ചത്. മൗലികവാദത്തിന് പകരം മിതവാദവും തീവ്രവാദത്തിന് പകരം സമാധാനവും പ്രചരിപ്പിക്കുന്ന മതനേതാവാണ് അബ്ദുൽ അസീസ്. യിസ്രായേലുമായി സഹകരിക്കുന്ന അറബ് രാജ്യങ്ങളായ ഈജിപ്റ്റ്, ജോർദ്ദാൻ എന്നീ രാജ്യങ്ങളുടെ കൂട്ടത്തിൽ ഇനി സൗദ്യ അറേബ്യയും ഉണ്ടാകും. യു.ഏ.ഇ. യിസ്രായേലിന്റെ ഒരു രഹസ്യപങ്കാളിയാണ്. മധ്യപൗരസ്ത്യ ദേശത്ത് മാറുന്ന രാഷ്ട്രീയ സമവാക്യങ്ങൾ സമാധാനത്തിനുവേണ്ടിയോ അതോ ലക്ഷക്കണക്കിന് നിരപരാധികളുടെ മരണത്തിനുതകുന്ന യുദ്ധത്തിന് വേണ്ടിയോ?.... കാത്തിരുന്ന് കാണുക.





A PERFECT GIFT FOR CHRISTMAS
SOUTH ASIA BIBLE COMMENTARY




THE FIRST ONE-VOLUME COMMENTARY PRODUCED IN SOUTH ASIA BY SOUTH ASIANS! IT GIVES A SECTION-BY-SECTION INTERPRETATION THAT PROVIDES A CONTEXTUAL READABLE AND IMMENSELY USEFUL GUIDE TO THE ENTIRE BIBLE. SPECIAL ARTICLES SUMMARIES BIBLICAL TEACHING ON IMPORTANT ISSUES. READERS WILL APPRECIATE ITS FRESH INSIGHTS AND DIRECT STYLE THAT ENGAGE BOTH HEART AND MIND. PASTORS,STUDENTS AND LAY LEADERS WILL FIND THIS AN INVALUABLE RESOURCE THAT HELPS THEM TO INTERPRET AND APPLY THE BIBLE IN THE LIGHT OF SOUTH ASIAN CULTURE AND REALITIES.

ORDER NOW @ WWW.ODP.CO.IN
OPEN DOOR Publications Pvt. Ltd
Sanjay Park, Rani Road, Udaipur Raj. 313001
Email Us: sales@odp.co.in | Call Us: +91-294-2342904
SABC IS AVAILABLE AT
ABRAHAM BOOK FOUNDATION, KUMBANAD AND CSS BOOK SHOP, TIRUVALLA

# അശരണർക്ക് സ്നേഹ സ്പർശവുമായി
# ഡാളസ് തെരുവിൽ സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ്



നവംബർ 11 ശനി രാവിലെ 9 മണി. ഡാളസ് ഡൗൺടൗണിൽ 2010 അൽ ലിപ്സ് കോമ്പ് ഡ്രൈവിലുള്ള മെൻ ഓഫ് നെഹമ്യാ കാമ്പസിന്റെ ഗേറ്റിനുമുമ്പിൽ ആളുകൾ ക്യൂ നിൽക്കാൻ തുടങ്ങി. കുഞ്ഞുങ്ങൾ മുതൽ വാർദ്ധക്യത്തിലെത്തിയവർ വരെ നടന്നും വീൽചെയറിലുമായി അവർ വന്നു കൊണ്ടിരുന്നു. ആരോഗദൃഢഗാത്രരും ശാരീരിക വൈകല്യമുള്ളവരും സ്ത്രീ പുരുഷ വ്യത്യാസം ഇല്ലാതെ കാത്തുനിൽക്കുന്നു. ഡാളസ് തെരുവിൽ ഭവനമില്ലാതെ അലയുന്നത് നൂറുകണക്കിനാളുകളാണ്. ആവശ്യത്തിന് ഭക്ഷണവും വസ്ത്രവും ലഭിക്കാതെ അലയുന്നവർ, കൊടുംകുറ്റവാളികൾ, ജയിലിലെ ദീർഘകാലവാസത്തിനുശേഷം വീണ്ടും തെരുവിലെത്തിയവർ ഇങ്ങനെ നഗരത്തിന്റെ പുഴുക്കൂത്തായി മാത്രം കണക്കാക്കിമാറ്റി നിർത്തപ്പെടുന്നവരുടെ വലിയൊരു സമൂഹം. ഇവരിലേക്ക് സുവിശേഷവുമായി എത്തുകയാണ് പാസ്റ്റർ സന്തോഷ് പൊടിമല നേതൃത്വം നൽകുന്ന സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് എന്ന സംഘടന. കഴിഞ്ഞ 7 വർഷമായി ഡാളസ് തെരുവിൽ കഴിയുന്ന അനേകർക്ക് ആശ്വാസമായി മാറിയിരിക്കുകയാണ് ഈ പ്രവർത്തനം. ഭക്ഷണം, വസ്ത്രം, മെഡിക്കൽ ഹെൽപ്പ്, രക്ഷിക്കപ്പെടുന്നവരുടെ ട്രെയിനിംഗ്, പുനരധിവാസം ഇങ്ങനെ വിവിധ പ്രവർത്തനങ്ങളാണ്. ഈ സംഘടന തനിയെയും വിവിധ സംഘടനകളുമായി ചേർന്നും നടത്തുന്നത്.

നവംബർ 11 ന് 600 പേരോളമാണ് ഈ പരിപാടിക്കായെത്തിയത്. ഭക്ഷണം, വസ്ത്രം, ഷൂ, മെഡിക്കൽ ഹെൽപ്പ്, മുടിവെട്ടൽ ഇങ്ങനെ വിവിധ സഹായങ്ങൾ തെരുവിലുള്ളവർക്കായി നൽകി. ഒപ്പം സുവിശേഷ പ്രസംഗങ്ങളും സംഗീത ശുശ്രൂഷയും.

റൗളും ഭാര്യ ഷെല്ലിയും നേതൃത്വം നൽകുന്ന Jesus one life, എഡ്ഡി കോക്സിന്റെ smoking for Jesus BBQ Ministry- യും men of Nehamiah - യും ഒപ്പം ഡാളസിലെ വിവിധ മലയാളി പെന്തെക്കോസ്ത് സഭകളും പങ്കാളികളായി.

പാസ്റ്റർ ജോൺ ഏബ്രഹാം, പാസ്റ്റർ പി. എം. അലക്സാണ്ടർ ആന്റ് ടീം (വേർഡ് ഓഫ് ലൈഫ് ചർച്ച്), പാസ്റ്റർ ബി. ഐ. സാമുവേൽ (മൗണ്ട് സീനായി ചർച്ച് ഓഫ് ഗോഡ്), ജോൺ കെ. ബാബു, ഇവാ. തോമസ് ജോൺ (ഫെയ്ത്ത് റ്റാബർനാക്കിൾ ചർച്ച്) സഹോദരന്മാരായ എബി, വിനോദ് (ഹാർവെസ്റ്റ് ചർച്ച്) സുജി (ഫിലെദൽഫ്യ ഐ. പി. സി.) തുടങ്ങിയവരും ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയും ഫോറസ്റ്റ് ഗ്രോ ക്രിസ്ത്യൻ ചർച്ചും പ്രവർത്തനത്തിനു പങ്കാളിത്വം വഹിച്ചു.

പാസ്റ്റർ സാമുവേൽ എം. സാമുവേലും സഹധർമ്മിണി ഗ്രേസി സാമുവേലും വിഭവ ശേഖരണത്തിനു നേതൃത്വം നൽകി.

പാസ്റ്റർ സന്തോഷ് പൊടിമല, പാസ്റ്റർ ബെഞ്ചമിൻ തോമസ്, ജോൺ കെ. ബാബു കടവിൽ, ജോർജ്ജ് ഏബ്രഹാം ഒക്കലഹോമ, ഫിലേമോൻ സി. പി., ഡോ. നെസ്റ്റർ ബുണ്ട, ഡോ. പോൾ പേവെ എന്നിവർ സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ഡാളസിൽ നടന്ന പ്രോഗ്രാം ക്യാമറക്കണ്ണിലൂടെ........

SKM B Journal Photos



ഗാനശുശ്രൂഷ: റ്റി.വൈ. & ടീം





തെരുവിൽ നിന്ന് എത്തിയവർ





പ്രാർത്ഥനയോടെ തുടക്കം. പാസ്റ്റർ സന്തോഷ് പൊടിമല



കേൾവിക്കാർ



എഡ്ഡി കോക്സ്



പാസ്റ്റർ സന്തോഷ് പൊടിമല





മെൻ ഓഫ് നെഹെമ്യാ ടീം

# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ്

## ഡാളസിൽ നടന്ന പ്രോഗ്രാം ക്യാമറക്കണ്ണിലൂടെ........ SKM B Journal Photos


ജോസയാ, ലിസാ, സേത്ത്, സോളമൻ


പാസ്റ്റർ പി. ഐ. ശാമുവേൽ









തുണി വിതരണം: പിന്നണിയിൽ ഏലിയാമ്മ, പൊന്നമ്മ, ഗ്രേസി


പൊന്നമ്മ ബെഞ്ചമിൻ, സൂസൻ സന്തോഷ്


ശാമുവേൽ എബ്രഹാം


എബി ജേക്കബ്


മുടിവെട്ടൽ






പാദം കഴുകൽ: ബ്രദർ വിനോദ്, പാസ്റ്റർ സന്തോഷ് പൊടിമല


ഷെല്ലി റൗൾ ആന്റ് ടീം



മെഡിക്കൽ ടീം: സിസ്റ്റേഴ്സ് ആനി ആന്റ് സുജി


ഭക്ഷണ വിതരണം

ലേഖനം

# ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ!!



ഷൈജു ഡാനിയേൽ

കഠിന ദൈവശാസ്ത്ര വിചാരങ്ങൾ മനസിലാക്കാൻ പാകത്തിൽ ചിന്താശേഷിയുള്ള, ക്രിസ്തുവിനോടൊപ്പമുള്ള നിരന്തര യാത്രകളിലൂടെ കൈവന്ന ശിഷ്യത്വത്തിന്റെ പഴക്കമുള്ള ഒരുപറ്റം അഥവാ പന്ത്രണ്ടു പേർക്കായി മാത്രം നീക്കി വയ്ക്കപ്പെട്ട ഒന്നാണ് ദൈവരാജ്യം എന്ന ചിന്ത ശിഷ്യന്മാരിൽ ഉടലെടുത്തു. അപ്പോഴാണ്, "അവൻ തൊടേണ്ടതിനു ചിലർ ശിശുക്കളെയും അവന്റെ അടുക്കൽ കൊണ്ടുവന്നു" (മർക്കോസ് 10:13). ഇത് ശിഷ്യന്മാരെ വല്ലാതെ ചൊടിപ്പിച്ചു-ശിഷ്യന്മാർ അതുകണ്ടു അവരെ ശാസിച്ചുവത്രെ..!!. കാരണം വചന പാണ്ഡിത്യമുള്ള ഞങ്ങൾ, ന്യായപ്രമാണത്തിൽ അക്ഷരങ്ങളെ പോലും തലനാരിഴ കീറിമുറിച്ചു വ്യാഖ്യാനിക്കാൻ കരുത്തുള്ള ഞങ്ങൾ, ക്രിസ്തുവിനോടൊപ്പം നടന്നു നടന്നു ആത്മീക പുരുഷത്വം പ്രാപിച്ച; ഞങ്ങൾക്കൊപ്പം നടക്കുന്ന യേശുവിനെ, "ശിശുക്കളെ" സ്പർശിക്കത്തക്ക രീതിയിൽ തരം താഴ്ത്തുന്നത് ന്യായമല്ല പോലും...!! എന്നാൽ, "യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു: ദൈവരാജ്യം ഇങ്ങനെയുള്ളവരുടെതല്ലോ"....!! ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതു ആകുന്നു-ശുദ്ധ ഹൃദയരായ, ഇനിയൊന്നും പ്രാപിക്കാനില്ല എന്ന അഹന്തയുടെ ചിന്ത വാഴാത്ത, ഇനിയും ഒരുപാട് വളരാൻ ഉണ്ടെന്ന ഉൾബോധമുള്ള, ഞാൻ ഇപ്പോഴും വളർച്ചയുടെ പടവുകളിൽ ആണെന്ന ബോധ്യമുള്ള, ആത്മാവിൽ ദരിദ്രരായവരാണെന്ന അറിവുള്ള - ശിശുക്കയെളപ്പോലെ ഉള്ളവരുടേതാണ് ദൈവരാജ്യം!! ഞങ്ങൾ ഏറെ വളർന്നു കഴിഞ്ഞു എന്നും മറ്റുള്ളവരെക്കാൾ ഏറെ മുന്നിലാണ് ഞങ്ങൾ എന്നും ഉള്ള കപട ശിഷ്യത്വത്തിന്റെ ന്യായങ്ങളെ യേശു തിരുത്തി!! ഒട്ടനവധി വർഷങ്ങളിലെ പാരമ്പര്യ അവകാശപ്പെടുന്ന നിങ്ങൾ മാത്രമല്ല, വളർന്നുകൊണ്ടിരിക്കുന്ന ശിശുക്കളും എനിക്ക് പ്രിയപ്പെട്ടവരാണെന്ന് യേശു അവർക്കു കനത്ത താക്കീതു നൽകി. "ഞങ്ങൾ മാത്രം ആത്മീകർ" എന്ന കപട സദാചാരത്തിന്റെ അവകാശവാദങ്ങളെ യേശു തെല്ലും മുഖവിലക്കെടുത്തില്ല!! ഗലീലായുടെ ചേരിപ്രദേശങ്ങളിൽ വസിച്ചിരുന്ന, ആത്മീകത സംബന്ധിച്ചു ശൈശവാവസ്ഥയിൽ ആയിരുന്ന ഞങ്ങളെ, യേശു തൊടാൻ കാണിച്ച മനസാണ് ഇന്ന് ലോകമറിയുന്ന ശിഷ്യന്മാരായി ഞങ്ങൾ മാറാനുള്ള കാരണം എന്ന് ഈ അപ്പോസ്തലന്മാർ മറന്നുപോയി!!

പരീശന്മാരെ ശിഷ്യവൃന്ദത്തിനു പുറത്താണ് കാണുവാൻ കഴിയുന്നത് എങ്കിലും ശിഷ്യന്മാരുടെ ഇടയിൽ തന്നെ മിക്കപ്പോഴും ഇത്തരത്തിലുള്ള പരീശഭാവങ്ങൾ തലപ്പൊക്കിയിട്ടുണ്ട്. പരീശ മതമനുസരിച്ചു അവർ മാത്രമാണ് നീതിമാന്മാരും ദൈവരാജ്യപ്രവേശനത്തിന് യോഗ്യന്മാരും. അതിനു പുറത്തുള്ളവർ എല്ലാം പാപികളും അധർമ്മികളും ആണ്. എല്ലാം തങ്ങളിലൂടെയെന്നും തങ്ങൾ ഇല്ലെങ്കിൽ എല്ലാം ക്രമം തെറ്റുമെന്നുമൊക്കെയുള്ള നിരർദ്ധകമായ ചിന്തകളാൽ ഭരിക്കപ്പെടുന്നവർ ആണ് ഇവർ. വളർന്നു വരുന്ന ഒരു തലമുറയെ മനഃപൂർവ്വമായോ അല്ലാതെയോ മറന്നുകളയുന്ന അല്ലെങ്കിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കാത്ത പരീഷത്വം പേറുന്ന ശിഷ്യന്മാർ!! നിന്റെ അനുജൻ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിന് ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ എന്ന കായീന്യ മറുപടിയോടു സമാനതയുള്ള പ്രതികരണത്തിന്റെ വക്താക്കൾ. ജേഷ്ഠഭാവം പേറുന്ന കായീന്യ മതക്കാർ രഹസ്യമായി ഹാബേലിനെ വയലിൽ വെച്ച് കുലപ്പെടുത്തുന്നു -കാരണം അവരുടെ തികഞ്ഞ ഭക്തിയോടും മറ്റും ശിശുക്കളായ അനുജന്മാർ ചേർന്നുവരുന്നില്ലത്രേ!!

പക്ഷെ നമ്മുടെ നാഥനായ ക്രിസ്തു വ്യത്യസ്തനായിരുന്നു-തള്ളപ്പെടുകയും അവഗണിക്കപ്പെടുകയും അഭിപ്രായങ്ങൾക്കു വില കല്പിക്കപ്പെടാത്തതുമായ ശിശുക്കളെ തടയരുതെന്ന ശക്തമായ മുന്നറിയിപ്പ് നൽകുകയും അവരെ ചേർത്തു നിർത്തി ദൈവരാജ്യം നിങ്ങളെപോലെ ഉള്ളവരുടേതാണെന്ന ശക്തമായ സന്ദേശവും നൽകി. "ഞങ്ങളുടേത് മാത്രമാണ് ദൈവരാജ്യം" എന്ന ചിന്തയുമായി നടക്കുകയും അപരനെ അംഗീകരിക്കാൻ വിമുഖത കാട്ടുകയും ചെയ്യുന്ന വ്യാജ ശിഷ്യത്വത്തെ യേശു കണക്കിന് പരിഹസിക്കുന്നു. സ്വയനീതീകരണത്തിന്റെ ബാലിശമായ തർക്കങ്ങളും സ്വയതാല്പര്യങ്ങളുടെ സംരക്ഷണത്തിനായി നടത്തുന്ന വിലകുറഞ്ഞ പ്രസ്താവനകളും യേശുവിന്റെ വിമർശനത്തിന് എല്ലാ കാലത്തും ഹേതുവായിട്ടുണ്ട്. യേശു അതു കണ്ടാറെ മുഷിഞ്ഞു (മർക്കൊസ് 10:14)- യേശുവിനെ മുഷിപ്പിക്കുന്ന ഇത്തരം നടപടികൾ നമുക്കൊഴിവാക്കാം. അതിനാൽ യേശുവിന്റെ സ്പർശനം പ്രതീക്ഷിച്ചു വരുന്ന ശിശുക്കളെ ശിഷ്യത്വത്തിന്റെ അധികാര വടികൊണ്ട് അടിച്ചു ആട്ടിപ്പായിക്കുന്നതിനു പകരം അവനിലേക്ക് അടുപ്പിക്കുന്ന വാസ്തവ ശിഷ്യത്വത്തിന്റെ നല്ല അനുഗാമികളാകാം!!

## 01 ബൈബിൾ വിരുദ്ധചിന്തകളുമായി.....

ന്നുകൊണ്ടിരിക്കുന്നത്. ചർച്ച് ഓഫ് ഗോഡിന് പുറത്തുപോയ ഏഴംകുളം കെട്ടുറപ്പുള്ള ഏതെങ്കിലും ഒരു സഭയിലോ പ്രസ്ഥാനത്തിലോ നിലകൊള്ളാതെ വ്യത്യസ്തമായ ഉപദേശങ്ങൾ ഇപ്പോൾ പഠിപ്പിക്കുന്നതുകൊണ്ട് ഏതെങ്കിലും നടപടികൾ സഭകളിൽ നിന്ന് ഉണ്ടാകാൻ സാധ്യതയില്ല. എന്നാൽ ഉപദേശൈക്യം ഉള്ള പെന്തെക്കോസ്ത് സഭകളാൽ ഇദ്ദേഹത്തെ ഇനി മുതൽ പ്രസംഗിക്കുവാനോ ശുശ്രൂഷയ്ക്കോ വിളിക്കില്ല എന്ന് വയ്ക്കുന്നു. ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മലകന്യകയായി ഞാൻ നിങ്ങളെ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു എന്ന പൗലോസിന്റെ വചനങ്ങൾ അദ്ദേഹം അപ്രസക്തമാണ് എന്ന നിലയിൽ വിലയിരുത്തുകയും അതിന് അനുബന്ധിച്ചുള്ള പാട്ടുകളും ചിന്തകളും വർജ്ജിക്കേണ്ടതാണ് എന്നുമാണ് അദ്ദേഹത്തിന്റെ പുതിയ രീതി ശാസ്ത്രം. ഏതായാലും ഒരുകാര്യം ഉറപ്പായി വേദപുസ്തകചിന്ത വിട്ടും കൂട്ടായ്മ വിട്ടും പോകുന്ന ആളുകൾക്ക് ദുരുപദേശത്തിലേക്ക് വഴുതി മാറാനുള്ള രേഖ എത്രയോ നേർത്തതാണ്. പ്രതികാര ബുദ്ധിയോടെ തന്റെ ആത്മീയലോകത്തിലെ എതിരാളികളെ നേരിടുന്ന ഏഴംകുളത്തിന് തന്റെ വീക്ഷണ കൃതികളിൽ സ്ഥിരതമില്ലായ്മ തുടങ്ങിയിട്ട് നാളുകളായി. മുമ്പ് ഇദ്ദേഹം ഇങ്ങനെയായിരുന്നില്ലെന്നും കാര്യമായി എന്തോ തകരാറ് അദ്ദേഹത്തിന്റെ വീക്ഷണകൃതികൾക്കുണ്ടായിയെന്നുമാണ് ഇപ്പോൾ അമേരിക്കൻ മലയാളികൾക്കിടയിലുള്ള പൊതുവായ സംസാരം. വർഷങ്ങൾക്കപ്പുറത്ത് ജാലകം എന്ന ക്രിസ്തീയ പത്രത്തിൽ വന്ന ഒരു സാഹിത്യനിരൂപണ പഠനം അനിൽകൊടിത്തോട്ടത്തിന്റേതായിട്ടുണ്ട്. അതിൽ ഏഴംകുളം സാംകുട്ടിയുടെ പാളം തെറ്റിയ തീവണ്ടിയെ സാഹിത്യപരമായ നിരൂപണത്തിന് കൊടിത്തോട്ടം വിധേയമാക്കിയിരുന്നു. ഒരു വിധത്തിലും തന്റെ കൃതിയോട് ആദരവ് കാട്ടുകയില്ലാതെ വിമർശനം പാടില്ലായെന്ന സങ്കുചിത മനോഭാവത്തിൽ ഉറച്ചുനിന്ന ഏഴംകുളം അനിൽകൊടിത്തോട്ടത്തെയോ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ എന്ന് തോന്നിയ സകലരോടും കലഹം ആരംഭിച്ചു. അങ്ങനെ സാംകുട്ടി മാത്യു, രാജു ആനിക്കാട്, രാജൻ ആര്യപ്പള്ളിൽ തുടങ്ങിയവരെല്ലാം ശത്രുപക്ഷത്ത് കാണുന്ന സ്ഥിതിവിശേഷമുണ്ടായി. ഏറ്റവും ഒടുവിൽ തന്റെ തന്നെ കൈപ്പടയിൽ പുറത്തിറക്കിയ ഒരു കത്തിലാണ് വിവാദപരാമർശങ്ങൾ സമൃദ്ധമായിട്ടുള്ളത്. ഇങ്ങനെ മുമ്പോട്ട് പോയാൽ നവീനമായ ഇത്തരം ആശയഗതികളിലേക്ക് സമൂഹത്തെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന വളരെ വ്യത്യസ്തമായ ഒരു ഉപദേശം അരീസ് പഠിപ്പിച്ചതുപോലെയും ജ്ഞാനമതക്കാർ പഠിപ്പിച്ചതുപോലെയുമൊക്കെ ഉള്ളതായിത്തീരും എന്നതിന് സംശയമില്ല. പെന്തെക്കോസ്ത് നേതൃ സമൂഹമാകട്ടെ ഏഴംകുളത്തിന്റെ ചിന്തകളെ കടുത്ത തമാശയോടെയും അർഹിക്കുന്ന അവജ്ഞയോടെയും തള്ളിക്കളഞ്ഞിരിക്കുകയാണ്. കേരളത്തിൽ അദ്ദേഹത്തിന്റെ കെട്ടുകണക്കിന് പുസ്തകങ്ങൾ കമ്മീഷൻ വ്യവസ്ഥയിൽ വാങ്ങി സൗജന്യമായി വിതരണം ചെയ്തുകൊണ്ടിരുന്ന പത്രാധിപന്മാരും സഹകാരികളുമൊക്കെ അദ്ദേഹത്തിന്റെ മാറിയ മനസ്ഥിതിയിൽ ആശങ്കാകുലരാണ്. ഓരോ വർഷവും ആയിരക്കണക്കിന് പുസ്തകങ്ങൾ അച്ചടിച്ച് കുമ്പനാട് കൺവൻഷൻ ഉൾപ്പെടെയുള്ള പ്രധാന യോഗങ്ങളിൽ സൗജന്യമായി വിതരണം ചെയ്തിരുന്നു. അങ്ങനെ തന്റെ പുസ്തകമാണ് ഏറ്റവുമധികം പ്രചാരത്തിലുള്ളതെന്നും അദ്ദേഹം പ്രചരിപ്പിച്ചിരുന്നു. ഇതെല്ലാം തന്നെ ഇപ്പോൾ ആകപ്പാടെ ഏഴംകുളം സാംകുട്ടി വക്താക്കളെ ആശങ്കപ്പെടുത്തിയിരിക്കുകയാണ് എന്നതും പറയാതെ വയ്യ. ഗവേഷകരെന്നും ചരിത്രപണ്ഡിതനെന്നും സാഹിത്യസാമ്രാട്ട് എന്നും ഒക്കെ അഭിമാനിച്ചിരുന്ന ഒരു മനുഷ്യൻ ഇപ്പോൾ വന്നിരിക്കുന്ന മാറ്റം ജനിതകപരമായ എന്തെങ്കിലും പ്രശ്നമാണോ മനശാസ്ത്രപരമായ ഏതെങ്കിലും പ്രയാസഘട്ടത്തിൽകൂടി അദ്ദേഹം കടന്നുപോകുന്നു എന്നതിന്റെ തെളിവാണോ എന്ന് അറിഞ്ഞുകൂടാ ഒരു കാര്യം ഉറപ്പായി കഴിഞ്ഞു പെന്തെക്കോസ്ത് ലോകത്തിന്റെ പതിവ് സഞ്ചാരവഴികളെ വിട്ട് അദ്ദേഹം മാറിക്കഴിഞ്ഞിരിക്കുന്നു. അത് പറയാതെ തരമില്ല.

# കേരളാ ക്രിസ്ത്യൻ അസംബ്ലി രജത ജൂബിലി സമാപന സമ്മേളനം നവംബർ 25 ന്

**ടൊറൊന്റോ:** (കാനഡ) കേരളാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ സഭ വിശ്വാസികൾക്ക് പറയുവാനുള്ളത് ഒന്ന് മാത്രം.' ഇത്രത്തോളം യഹോവ സഹായിച്ചു'. 25 വർഷം മുൻപ് ചെറിയ കൂട്ടമായി ആരാധിച്ചിരുന്ന സഭ ഇന്ന് കാനഡയിലെ ഏറ്റവും വലിയ പെന്തകോസ്ത് സഭയായി വളർന്നതിൽ ഇവിടുത്തെ വിശ്വാസികളുടെ ഹൃദയം നന്ദി കൊണ്ട് നിറയുകയാണ്.

സുവിശേഷീകരണത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും വളരെ ശക്തമായി മുന്നേറുന്ന സഭയുടെ 25-ാമത് വാർഷിക സമാപന സമ്മേളനം നവംബർ 25 ന് ടോറോന്റോയിലെ Panemonte Convention Centre (220 Humberline Dr, Etobicoke, ON M9W 5Y4) ൽ വെച്ച് നടത്തപ്പെടും. 2017 ജൂൺ 3 മുതൽ 25 ആഴ്ചകളായി നടന്നു കൊണ്ടിരുന്ന വിവിധ പ്രോഗ്രാമുകളുടെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി കാനഡയുടെ പ്രതിപക്ഷ നേതാവായ ആൻഡ്രൂ ഷേർ പങ്കെടുക്കും. ഈ സമ്മേളനത്തിൽ ഐഡിയ സ്റ്റാർ സിങ്ങർ ഫെയിം ഇമ്മാനുവേൽ ഹെൻറിയും ശ്രുതി ജോയിയും നയിക്കുന്ന സംഗീത സന്ധ്യയും ഡിന്നറും ഉണ്ടായിരിക്കുന്നതാണ്.

സിൽവർ ജൂബിലിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ടോം വർഗീസ് ചെയർമാനായും വിവിധ കമ്മിറ്റി അംഗങ്ങളായി ചെറിയാൻ ഉണ്ണൂണ്ണി, എബി കരിങ്കുറ്റി, ഏലിയാസ് പീറ്റർ, ഷൈല തോമസ്,ഉഷ ബാബു തോമസ്, ഉഷ സാം തോമസ് തുടങ്ങിയവർ പ്രവർത്തിക്കുന്നു. റവ. ഡോ .റ്റി .പി വറുഗീസ് സീനിയർ പാസ്റ്ററായും പാസ്റ്റർ ജെറിൻ തോമസ് യൂത്ത് പാസ്റ്ററായും ഈ സഭയിൽ പ്രവർത്തിക്കുന്നു.

## 02 സംസാരിക്കുന്ന യന്ത്രം.....

ഹിരാകശ യാത്രികരുടെ വിരസത ഒഴിവാക്കാൻ ജപ്പാൻ 2013 ഓഗസ്റ്റിൽ വികസിപ്പിച്ച കിറോബോയാണ് അദ്യമായി സംസാരിക്കുന്ന യന്ത്രമനുഷ്യൻ. മുഖത്തെ ഭാവങ്ങൾ തിരിച്ചറിഞ്ഞു സംസാരിക്കാൻ കഴിയുന്ന ഈ റോബോട്ടിന് ബഹിരാകാശ യാത്രികരുടെ ഏകാന്തത നീക്കാൻ കഴിയുമെന്നാണു വിലയിരുത്തപ്പെട്ടത്. മനുഷ്യനും യന്ത്രമനുഷ്യനും ഒരുമിച്ചു കഴിയുന്ന ഭാവിലോകത്തെക്കുറിച്ചു തനിക്കു പ്രതീക്ഷയുണ്ടെന്നു കിറോബോ അടുത്തിടെ നടന്ന പ്രദർശനത്തിൽ വ്യക്തമാക്കിയിരുന്നു. സംസാരിക്കുന്ന റോബോട്ടുകൾ പറഞ്ഞ വാക്കുകളും അത് ശരിവെയ്ക്കുന്നു. എങ്കിൽ വേദപുസ്തക പ്രവചന നിവൃത്തീകരണം പോലെ ഇത് ലോകത്തിന്റെ അന്ത്യനാളുകളിലേക്കും യേശുക്രിസ്തുവിന്റെ വരവിനോടും വളരെ വേഗം അടുത്ത് കൊണ്ടിരിക്കുന്നു.നമുക്ക് അതിനായി ഒരുങ്ങാം.

# നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫ്രൻസ് കമ്മറ്റി വിപുലീകരിച്ചു

● നിബു വെള്ളവന്താനം

**ഡാളസ്:** 2018 ജൂലൈ 19–22 വരെ ഒക്കലഹോമയിൽ നടക്കുന്ന 23-ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിന്റെ നാഷണൽ കമ്മറ്റി വിപുലീകരിച്ചു. സെപ്റ്റംബർ 16 നു ഒക്കലഹോമയിൽ കൂടിയ നാഷണൽ പ്രതിനിധികളുടെ പ്രഥമ കമ്മറ്റി മീറ്റിംഗിലാണു കോൺഫ്രൻസിന്റെ സുഗമമായ നടത്തിപ്പിലേക്കുള്ള വിവിധ പദ്ധതികൾ തയ്യാറാക്കിയത്. മിഡ്‌വെസ്റ്റ് സിറ്റി ഒക്കലഹോമയിലെ മനോഹരമായ ഷെറാട്ടൺ ഹോട്ടലാണു കോൺഫ്രൻസ് വേദിയാകുക. എബ്രായർ 12:1 -നെ അധികരിച്ച് "ഓട്ടം സ്ഥിരതയോടെ ഓടുക" എന്നതായിരിക്കും കോൺഫ്രൻസ് ചിന്താവിഷയം. പാസ്റ്റർ ജെയിംസ് റിച്ചാർഡ് (പ്രസിഡന്റ്), റവ. ഫിജോയ് ജോൺസൻ (വൈസ് പ്രസിഡന്റ്), വിജു തോമസ് (സെക്രട്ടറി), ഡേവിഡ് കുരുവിള (ട്രഷറർ), ബെഞ്ചമിൻ വർഗ്ഗീസ് (യൂത്ത് കോർഡിനേറ്റർ), റവ. സ്റ്റീഫൻ ബെഞ്ചമിൻ (പ്രയർ കോർഡിനേറ്റർ), പ്രസാദ് തീയാടിക്കൽ (മീഡിയ കോർഡിനേറ്റർ) എന്നിവരെ കൂടാതെ സഹോദരി സമ്മേളനങ്ങൾക്ക് സിസ് അമ്മിണി മാത്യു (പ്രസിഡന്റ്), ലാലി സാം കുട്ടി ( വൈസ് പ്രസിഡന്റ്), സൂസൻ ബി. ജോൺ (സെക്രട്ടറി) എന്നിവരങ്ങുന്ന നാഷണൽ ടീം മറ്റ് സ്റ്റേറ്റ് റെപ്രസെന്റേറ്റിവിസിനോടൊപ്പം സമ്മേളനങ്ങൾക്ക് നേതൃത്വം നല്കും.

# ഐ.പി.സി മുംബൈ വെസ്റ്റ് ഡിസ്ട്രിക്റ്റ് കൺവൻഷൻ നവംബർ 30 ന്

**മുംബൈ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുംബൈ വെസ്റ്റ് ഡിസ്ട്രിക്ട് 22-ാം വാർഷിക കൺവൻഷൻ 2017 നവംബർ 30 മുതൽ ഡിസംബർ മൂന്ന് വരെ വെസ്റ്റ് ബോറിവലി ഹോളിക്രോസ് റോഡ് ഐ. സി കോളനി ചർച്ച് ഹിൽ കോമ്പൗണ്ടിലെ ഹോപ്പ് സെന്ററിൽ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ പിറവം ആണ് മുഖ്യപ്രഭാഷകൻ.

നവംബർ 30 ന് വൈകിട്ട് 6.30 ന് ഐ.പി.സി മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി.ജോയി ഉദ്ഘാടനം ചെയ്യും. ഡിസംബർ 1, 2 തീയതികളിൽ രാവിലെ 10 ന് ബൈബിൾ ക്ലാസ് നടക്കും. മൂന്നിന് രാവിലെ ഒൻപതിന് സംയുക്ത ആരാധന വെസ്റ്റ് ബോറിവലി മലയാളി സമാജം ഓഡിറ്റോറിയത്തിൽ നടക്കും. കർത്തൃദാസന്മാരായ കെ.എ. മാത്യു, ഡെന്നി ഫിലിപ്പ് എന്നിവർ നേതൃത്വം നൽകും. കർമ്മേൽ ബോറിവലി ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

# പി.വൈ.സി.ഡി. കോൺഫറൻസിന് അനുഗ്രഹ സമാപ്തി

● ബിനോയി ശമുവേൽ ആര്യപ്പള്ളിൽ



**ഡാളസ്:** ഡാളസിലുള്ള പെന്തക്കോസ്തുസഭകളുടെ പൊതുയുവജന കൂട്ടായ്മയായ പി.വൈ.സി.ഡിയുടെ 36–ാമത് കോൺഫറൻസ് സമാപിച്ചു. 2017 ഒക്ടോബർ 27 മുതൽ 29 വരെ നടന്ന കോൺഫറൻസ് വിശ്വാസികളുടെ പങ്കാളിത്വംകൊണ്ട് ശ്രദ്ധേയമായി. വെള്ളി, ശനി ദിവസങ്ങളിൽ മെട്രോ ചർച്ച് ഓഫ്ഗോഡിൽ കോൺഫറൻസും, എൽസ്മാൻ സെന്റർ ഓഡിറ്റോറിയത്തിൽ സംയുക്ത സഭായോഗവും നടന്നു. പാസ്റ്റർ ജോഷ്വ ജോൺസ് മുഖ്യപ്രസംഗകനായി. പാസ്റ്റേഴ്സ് റെനി ചെറിയാൻ, ജസ്റ്റിൻ സാബു തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർമാരായലിൻസൺ ഏബ്രഹാം, പ്രകാഷ് മാത്യു, തോമസ്മുല്ലക്കൽ തുടങ്ങിയവർ വിവിധ മീറ്റിംഗുകളിൽ അദ്ധ്യക്ഷം വഹിച്ചു. പാസ്റ്റർ സതീഷ് കുമാർ കർത്തൃമേശ ശുശ്രൂഷക്ക് നേതൃത്വം നൽകി. സിറ്റിയിലെ വിവിധ സഭകളിൽ നിന്നുള്ള ക്വയർ സംഗീത ശുശ്രൂഷ നിർവഹിച്ചു. പി.വൈ.സി.ഡി അംഗത്വം ഉള്ള 30 സഭകളിൽ നിന്നുള്ള 10 വർഷം ശുശ്രൂഷ നിർവഹിച്ച സീനിയർ പാസ്റ്റേഴ്സിനെ ഫലകം നൽകി സമ്മേളനത്തിൽ ആദരിച്ചു. പി.വൈ.സി.ഡിയുടെ പ്രവർത്തനങ്ങൾക്ക് ബിജുതോമസ് പ്രസിഡന്റ്, ഷോണി തോമസ്കോർഡിനേറ്റർ, അലൻ മാത്യു ട്രഷർ എന്നിവയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ചുക്കാൻ പിടിച്ചു.

# ഐ. പി. സി. സംസ്ഥാന ശുശ്രൂഷക സമ്മേളനം




**നിലമ്പൂർ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനത്തിനുഅനുഗ്രഹ സമാപ്തി.2017 നവംബർ 14 ,15 തിയതികളിൽ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന സമ്മേളനം സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. മലബാർമേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു. സഭാവളർച്ച എന്ന ചിന്താവിഷയത്തെക്കുറിച്ച് സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി വിഷയാവതരണം നടത്തി. റവ.രവി മണി മുഖ്യപ്രസംഗകനായിരുന്നു. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.ഏബ്രഹാം, ജോയിതാനുവേലിൽ, മാത്യുതോമസ്, കെ.സിളമ്മൻ, ബിജോയ് കുര്യാക്കോസ്, തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു. കൗൺസിൽ അംഗങ്ങളായ സജി മത്തായി കാതേട്ട്, വി.സി.മാത്യു, വി.എസ്ചാക്കോ, സാംകുട്ടി കോഴാമല, ചാക്കോ ദേവസ്യ, ജോർജ് തോമസ് വടക്കുഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വംനല്കി. മലബാറിലെ30 സെന്ററുകളിൽ നിന്നായി 420 ശുശ്രൂഷകന്മാർപങ്കെടുത്തു.

# ഐ.പി.സി.സംസ്ഥാന കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി

## ഡിസംബർ 5 മുതൽ 10 വരെ

**കോട്ടയം:** ഐ.പി.സി കേരള സ്റ്റേറ്റ് കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഡിസംബർ 5 ചൊവ്വ വൈകിട്ട് 6.30ന് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ രവി മണി, റവ.അനിസൻ സാമുവേൽ എന്നിവരാണ് അതിഥി പ്രസംഗകർ. പകൽ നടക്കുന്ന പവ്വർ കോൺഫറൻസിലും ഇവരാണ് മുഖ്യ പ്രസംഗകർ.

പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ.സി.ജോൺ, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി.ഏബ്രഹാം, വിൽസൺ ജോസഫ്, കെ.എം ജോസഫ്, തോമസ് ഫിലിപ്പ്, സാം ജോർജ്, ഫിലിപ്പ് പി.തോമസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ, വർഗീസ് ഏബ്രഹാം, കെ.ജെ തോമസ്, ബി.മോനച്ചൻ എന്നിവരും പ്രസംഗിക്കും. നവംബർ 5 ബുധനാഴ്ച മുതൽ ശനിവരെ ദിവസവും പകൽ പവർ കോൺഫറൻസ്, വെള്ളി ഉച്ച കഴിഞ്ഞ് സോദരി സമ്മേളനം, ശനിയാഴ്ച ഉച്ചകഴിഞ്ഞ് പി.വൈ.പി.എ, സണ്ടേസ്കൂൾ സമ്മേളനം, ഐ.പി.സിയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സമ്മേളനം, ഞായറാഴ്ച രാവിലെ 8.30 മുതൽ സംയുക്ത ആരാധനയും കർതൃ മേശയും നടക്കും.

സംസ്ഥാന കൺവൻഷൻ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. ഡോ. ബ്ലസ്സൻ മേമന സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

സംസ്ഥാന ഭാരവാഹികളായ ബ്രദർ ജോയി താനുവേലിൽ, മോനി കരിക്കം, സജി പോൾ തുടങ്ങിയവർ നേതൃത്വം നല്കും.

# സഹായിക്കുക......

## ഇരു വൃക്കകളും തകരാറിലായ ഗൃഹനാഥൻ സഹായം തേടുന്നു

രാജൻ ചാക്കോ എന്ന സഹോദരൻ കഴിഞ്ഞ രണ്ടു വർഷമായി ഇരു വൃക്കകളും തകരാറിലായി വളരെ യധികം കഷ്ടം അനുഭവിക്കുന്നു. തടിമില്ലിൽ ജോലി ചെയ്തിരുന്ന ഇദ്ദേഹം കിഡ്നി രോഗത്താൽ ഭാരപ്പെട്ട് ചികത്സയിലായതിനാൽ ജോലിക്ക് പോകുവാൻ സാധിക്കുന്നില്ല. ഗോകുലം മെഡിക്കൽ കോളേജ്, അനന്തപുരി ഹോസ്പിറ്റൽ' എന്നിവിടങ്ങളിൽ രണ്ടു വർഷത്തോളമായി ചികത്സ നടത്തുന്നു.ഇപ്പോൾ കൊല്ലം മെഡിസിറ്റി ഹോസ്പിറ്റലിൽ ചികത്സയിൽ തുടരുന്നു. ആഴ്ചയിൽ രണ്ട് ഡയാലിസ് വീതം ചെയ്തു കൊണ്ടിരിക്കുന്നു. ഇതിനിടയിൽ പല പ്രാവശ്യം മഞ്ഞപ്പിത്തവും ന്യുമോണിയയും ബാധിച്ച് വളരെയധികം ക്ലേശങ്ങളിൽ കൂടെ പോയി. നന്മയുടെ ഉറവ് വറ്റാത്ത മാന്യ വായനക്കാർ ഈ പ്രിയപ്പെട്ടവനെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു .ചികത്സക്കായി ഭാരിച്ച തുക ആവശ്യമായ ഈ സ്ഥിതിയിൽ ഈ കുടുംബത്തിനായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടു വാനും അപേക്ഷിക്കുന്നു.

**വിലാസം:** രാജൻ ചാക്കോ, ടിറ്റു ഭവൻ, ഇടമൺ പി.ഒ. പുനലൂർ 691307

ഫോൺ 9961960638

**ബാങ്ക് വിവരങ്ങൾ:** മോളമ്മ രാജൻ, ഫെഡറൽ ബാങ്ക് ഇടമൺ,

A/c No: 12630100124593, IFSC Code: FDRL0001263

# ശാരോൻ നോർത്ത് അമേരിക്കൻ കോൺഫറൻസ് ഡിട്രോയിറ്റിൽ


റവ. സി. വി. ഏബ്രഹാം


റവ. ജോയി തോമസ്


അലക്സാണ്ടർ റ്റി. ജോൺ


റവ. വർക്കി വർഗീസ്

**മിഷിഗൺ:** നോർത്ത് അമേരിക്കയിലുള്ള ശാരോൻ ഫെലോഷിപ്പ് സഭകളുടെ 16–ാമത് ഫാമിലി കോൺഫറൻസ് 2018 ജൂൺ 21 മുതൽ 24 വരെ മിഷിഗൺ ശാരോൻ സഭയുടെ ചുമതലയിൽ ഡിട്രോയിറ്റിൽ വെച്ചു നടക്കും. 'ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആയിത്തീരുവിൻ' (2 പത്രൊ.1:4) എന്നതാണ് ചിന്താവിഷയം. വിവിധ സെക്ഷനുകളിലായി പ്രമുഖരായ പ്രഭാഷകർ പ്രസംഗിക്കും. ഗാനശുശ്രൂഷ, സെമിനാറുകൾ, യുവജന സമ്മേളനം, കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേകപരിപാടികൾ, സഹോദരി സമ്മേളനം, പൊതുയോഗങ്ങൾ, സംയുക്ത ആരാധന തുടങ്ങിയവയും കോൺഫറൻസിനോടനുബന്ധിച്ച് നടക്കും.

കോൺഫറൻസിന്റെ വിപുലമായ ക്രമീകരണങ്ങൾക്കായി റവ. സി. വി. ഏബ്രഹാം (കൺവീനർ), റവ. ജോയി തോമസ് (ജോ.കൺവീനർ), അലക്സാണ്ടർ റ്റി.ജോൺ (സെക്രട്ടറി), റവ. വർക്കി വർഗീസ് (ട്രഷറാർ) ബൻസൻ വർക്കി (യൂത്ത് കോർഡിനേറ്റർ), ജിജോ ജയിംസ് (പബ്ലിസിറ്റി കോർഡിനേറ്റർ), ജോർജി ജോൺ (ഇവന്റ് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# പി.സി.എൻ.എ.കെ ലോക്കൽ കമ്മറ്റി തിരഞ്ഞെടുക്കപ്പെട്ടു

● നിബു വെള്ളവന്താനം



**ബോസ്റ്റൺ:** 2018 ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റൺ പട്ടണത്തിലുള്ള സ്പ്രിങ്ങ്ഫീൽഡ് മാസ്സ്യൂച്ചൽ കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന 36 മത് നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിന്റെ ലോക്കൽ കമ്മറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു.

ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജോൺസൺ വി. സാമുവേൽ, ലോക്കൽ സെക്രട്ടറി ബ്രദർ ജെയിംസ് ജോർജ്, ജോയിന്റ് സെക്രട്ടറി ബ്രദർ മാത്യു തരകൻ, ലോക്കൽ ട്രഷറാർ ബ്രദർ ഡാനിയേൽ കുഞ്ഞ് കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ലോക്കൽ കമ്മറ്റിയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

മറ്റ് ഭാരവാഹികൾ: പ്രയർ കോർഡിനേറ്റേഴ്സ്: പാസ്റ്റർ വി.പി.തോമസ്, ഡോ. റോബിൻസൻ, യൂത്ത് കോർഡിനേറ്റേഴ്സ്: റോബിൻ ജോൺ, സോണി ചെറിയകളത്ത്, ചിൽഡ്രൻസ് കോർഡിനേറ്റേഴ്സ്: എലിസബത്ത് റോബിൻ, ജെയ് സഖറിയ, ലേഡീസ് കോർഡിനേറ്റേഴ്സ്: സൂസൻ ജോൺസൺ, സുജ ഇടിക്കുള, രജിസ്ട്രേഷൻ: ഷിജിൻ സോമേൻ, ഡോ.സിജുമോൻ കെ. അഷേഴ്സ്: സാമുവേൽ കൃപാകർ, പി.കെ.മാത്യു, മ്യൂസിക്: ജെഫ്രി ജോർജ് മിറിയം തോമസ്, സംഗീതം മലയാളം: മനോജ് മാത്യു, ജോർജ് ഷെറിംഗ്, സെക്യൂരിറ്റി: ജോൺ ചെറിയകളത്ത്, അക്കോമഡേഷൻ: ഡോ. ഷിബു പൗലോസ്, ദീപക് നൈനാൻ, ട്രാൻസ്പോർട്ടേഷൻ: ജേക്കബ് അലക്സാണ്ടർ, ഓഡിയോ: ജോനാഥൻ ജോൺസൺ, ജോനാഥൻ റോബിൻസൻ , വീഡിയോ ഫോട്ടോഗ്രാഫി: രവി റോബിൻസൻ, ജാനിസ് ജോർജ്, ലൈറ്റിംഗ്: ജേക്കബ് മാത്യു, മീഡിയ: ജയൻ കോശി, ജെരമ്യ തോമസ്, വെബ് സൈറ്റ്: ജോഷ്വാ ഫ്രാൻസിസ്, കെ.ഗൗതം, സ്പോർട്സ്: സ്റ്റീഫൻ തോമസ്, ഷോൺ ഷെറിംഗ്, റിസിപ്ഷൻ: നിഷ കോശി, ജെമിമ ജോൺസൻ, സ്റ്റേജ് : ഡോ. ഷിബു പൗലോസ്, ഡോ.ജോവാൻ ഫിലിപ്പ്, ഫുഡ്: സേതു അലക്സാണ്ടർ, ഗ്രേസ് മാത്യു, മെഡിക്കൽ ടീം: ഡോ. സിനി ജോർജ്, ഡോ. ജോൺ ആളൂർ എന്നിവരാണ് മറ്റ് ലോക്കൽ കമ്മറ്റി ഭാരവാഹികൾ.

നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി ബ്രദർ വെസ്ലി മാത്യു, നാഷണൽ ട്രഷറാർ ബ്രദർ ബാബുക്കുട്ടി ജോർജ്, യൂത്ത് കോർഡിനേറ്റർ ബ്രദർ ഷോണി തോമസ്, കോൺഫ്രൻസ് കോർഡിനേറ്റർ ഡോ.തോമസ് ഇടിക്കുള, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേൽ, പ്രയർ കോർഡിനേറ്റർ പാസ്റ്റർ റജി ശാമുവേൽ എന്നിവർ ദേശിയ കോൺഫ്രൻസിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 22

BELIEVERS JOURNAL

PUBLISHED ON 25/11/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

# വ്യക്തി താൽപ്പര്യമല്ല സഭയുടെ നന്മയാണ് പ്രധാനം: പാസ്റ്റർ ബേബി വർഗീസ്



**രണ്ടു ടേമുകൾ ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയും നേപ്പാൾ ഐ.പി.സി. പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്യുന്ന പാസ്റ്റർ ബേബി വർഗീസ് തന്റെ നിലപാടുകളും പ്രവർത്തന പദ്ധതികളും വ്യക്തമാക്കുന്നു. ബിലീവേഴ്സ് ജേണൽ ചെയർമാൻ രാജൻ ആര്യപ്പള്ളിൽ, ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു എന്നിവരുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്ന്**

**ചോദ്യം:** ഐ. പി. സി ജനറൽ വൈസ് പ്രസിഡന്റ് കസേരയിൽ രണ്ടു ടേം പൂർത്തീകരിച്ചല്ലോ. തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു?

വൈസ് പ്രസിഡന്റ് എന്ന പദവിയ്ക്ക് പരിമിതികൾ ഉണ്ടെന്നറിയാമല്ലോ. എങ്കിലും എന്റെ കഴിവിനനുസരിച്ച് ഞാൻ പ്രവർത്തിച്ചു എന്നാണെന്റെ വിശ്വാസം. സഭക്കായി അനേക പദ്ധതികളുമായാണ് ഞാൻ ഈ കസേരയിലെത്തിയത്. അതെല്ലാം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ കഴിഞ്ഞില്ല എന്ന പ്രയാസമുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നുവർഷം കൊണ്ട് ഐ. പി. സി. ജനറൽ കൗൺസിലിലൂടെ 60 ലക്ഷത്തിലധികം രൂപ വിവിധ പ്രവർത്തനങ്ങൾക്കായി നൽകുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. വിവിധ പ്രാദേശിക സഭകൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കും സുവിശേഷകർക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഒക്കെയായാണ് ഈ പണം നൽകിയിട്ടുള്ളത്. എന്നെ ദൈവം ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തമായി ചെയ്യുക എന്നതാണെന്റെ ലക്ഷ്യം.

എല്ലാ ജനറൽ കൗൺസിൽ മീറ്റിംഗുകളിലും മുടങ്ങാതെ പങ്കെടുക്കുകയും ചർച്ചകളിൽ ക്രീയാത്മകമായി പങ്കെടുക്കുകയും ചെയ്തു. സഭയുടെ നന്മയ്ക്കായി ഇടപെടുവാനുള്ള ഒരവസരവും ഞാൻ പാഴാക്കിയിട്ടില്ല.

**ചോദ്യം:** താങ്കളെ ഒന്നു പരിചയപ്പെടുത്താമോ?

ഞാൻ ജനിച്ചത് ഒരു ഓർത്തഡോക്സ് കുടുംബത്തിലാണ്. എന്റെ പിതാവ് ഇലക്ട്രിക്സിറ്റി ഉദ്യോഗസ്ഥനായിരുന്നു. 1947 ലാണ് ഞാൻ ജനിച്ചത്. 1960 -ൽ ഞങ്ങൾ പെന്തെക്കോസ്ത് വിശ്വാസത്തിൽ വന്നു. 1965 -ൽ 18-ാം വയസ്സിൽ പാസ്റ്റർ റ്റി. കെ. ഫിലിപ്പിന്റെ കൈക്കീഴിൽ സ്നാനമേറ്റു. പ്രീഡിഗ്രി വിദ്യാഭ്യാസ ശേഷം ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ലഭിച്ചു. 6 മാസം തികയും മുമ്പേ വചനപഠനത്തിനായി കുമ്പനാട്ട് എത്തി. അതിനുശേഷം സെക്കന്ത്രബാദിലും വചനപഠനം നടത്തി. ഇക്കാലത്ത് എവരിഹോം ക്രൂസേഡ്, ഓ. എം, എവരിവൺ ക്രൂസേഡ് ടീമുകളോട് ചേർന്ന് മലബാറിലും നോർത്തിൻഡ്യയിലും പ്രവർത്തിച്ചു.

1967-ൽ വെൺമണി സഭയുടെ ശുശ്രൂഷകനായാണ് സഭാപരിപാലനത്തിന് തുടക്കമിടുന്നത്. അമ്പത് വർഷത്തിലധികമായി സഭാശുശ്രൂഷകനാണ്. മധ്യ പ്രദേശിലെ അഞ്ച് ടൗണുകളിൽ ആഴ്ചയിലൊരു ദിവസം വീതം ആരാധന നടത്തി. അംലായി, ഷഡോൾ ജമുനാ കോളിയേരി, ബൈകണ്ഡപ്പൂർ, വിശ്രാംപൂർ എന്നിവിടങ്ങളിലായിരുന്നു അത്. 1970 -ൽ അങ്കമാലി സഭാ പാസ്റ്ററായി. 1971-ൽ ഉപരിപഠനാർത്ഥം അമേരിക്കയിലെത്തി. Baptist ബൈബിൾ കോളജിൽ നിന്ന് B.Th ഉം ജോർജ്ജിയ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് M.Th ഉം Th.D ഉം കരസ്ഥമാക്കി.

1973 -ൽ ന്യൂയോർക്കിൽ വച്ച് വെച്ചൂച്ചിറ പുതുപ്പറമ്പിൽ കുടുംബാംഗമായ സൂസിയെ വിവാഹം ചെയ്തു. പാസ്റ്റർ എ. സി. ജോർജ്ജും ഞാനും കൂടിയാണ് ന്യൂയോർക്കിൽ ആദ്യ ഐ. പി. സി. സഭാപ്രവർത്തനം ആരംഭിക്കുന്നത്. 1978 -ൽ ഡാളസിൽ എത്തി ഫസ്റ്റ് ഐ. പി. സി. ആരംഭിച്ചു. 1982 ൽ ഐ. പി. സി. എബനേസർ ആരംഭിച്ചു. ഇപ്പോഴും ആ സഭയുടെ പാസ്റ്ററായി തുടരുന്നു.

ഐ. പി. സി. ഫാമിലി കോൺഫറൻസ് കൺവീനർ, പി. സി. എൻ. എ. കെ. കൺവീനർ, പി. വൈ. സി. ഡി കൺവീനർ പദവികൾ വഹിച്ചു. വെസ്റ്റേൺ റീജിയൻ വൈസ് പ്രസിഡന്റ് മിഡ് വെസ്റ്റ് റീജിയൻ പ്രസിഡന്റ് പദവികളും വഹിച്ചിട്ടുണ്ട്.

കഴിഞ്ഞ 3 വർഷമായി നേപ്പാളിന്റെ പ്രസിഡന്റായി പ്രവർത്തിച്ചുവരുന്നു. 84 സഭകളും എബനേസർ ബൈബിൾ ട്രെയിനിംഗ് സെന്റർ എന്നപേരിൽ ബൈബിൾ സ്കൂളും അവിടെയുണ്ട്.

പതിനാറാമത് ഐ.പി.സി. ഫാമിലി കോൺഫറൻസ് പ്രസിഡന്റായും പ്രവർത്തിച്ചുവരുന്നു.

എനിക്കു മൂന്നു മക്കൾ

1. ഡോ. നാൻസി - എബി
2. ഡോ. ബെറ്റ്സി - ഡോ. പ്രേം
3. ഡോ. ജയ്സൺ - ഏഞ്ചലാ

തിയോളജിയിൽ ഡോക്ടറേറ്റുള്ള മെഡിക്കൽ ഡോക്ടറാണ് മകൻ. ഐ. പി. സി. ഓർഡിനേഷനുള്ള ശുശ്രൂഷകൻ കൂടിയാണ്.

**ചോദ്യം:** താങ്കൾ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

1968 ൽ വടശേരിക്കരയിൽ നടത്തിയ ആദ്യ കൺവൻഷൻ പ്രസംഗത്തിനുശേഷം നൂറുകണക്കിനു സ്റ്റേജുകളിലും പലരാജ്യങ്ങളിലും സുവിശേഷവുമായെത്തുന്നു.

ഉഗാണ്ട, കെനിയ, നൈറോബി, സാമ്പിയ, ഇംഗ്ലണ്ട്, യമൻ, മെക്സിക്കോ, മിഡിൽ ഈസ്റ്റ്, ഇൻഡ്യയിലെ ഒട്ടുമിക്ക സ്റ്റേറ്റുകൾ എന്നിവിടങ്ങളിലെല്ലാം സുവിശേഷം പ്രസംഗിച്ചു. എനിക്കു ലഭിച്ച നന്മ കൊണ്ട് ഭാരതത്തിൽ കഴിഞ്ഞ 4 പതിറ്റാണ്ടായി വിവിധ സുവിശേഷ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

**ചോദ്യം:** ഈ ടേമിൽ ജനറൽ എക്സിക്യൂട്ടീവ് സ്ഥാനത്ത് താങ്കൾ ഇല്ലല്ലോ? അടുത്ത എക്സിക്യൂട്ടീവിലേക്ക് മത്സരരംഗത്ത് ഉണ്ടാകുമോ?

എന്റെ സ്നേഹിതരും പ്രിയപ്പെട്ടവരുമായ ധാരാളം പേരുടെ സ്നേഹപൂർവ്വമായ നിർബന്ധവും എനിക്ക് ലഭിച്ചിട്ടുള്ള നിയോഗവും അനുസരിച്ച് ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഞാൻ മത്സരിക്കുന്നു.

**ചോദ്യം:** വിജയ പ്രതീക്ഷ എത്രത്തോളമുണ്ട്?

തീർച്ചയായും വിജയ പ്രതീക്ഷയുണ്ട്. കാരണം അത്രത്തോളം പിന്തുണ പാനൽ വ്യത്യാസമില്ലാതെ ലഭിക്കുന്നുണ്ട്.

**ചോദ്യം:** താങ്കൾ ഏതു പാനലാണ്?

ഇതുവരെയും ഒരു പാനലുമില്ല. എല്ലാവരുടെയും പിന്തുണ ഉണ്ട് അതിനാൽ തന്നെ വിജയം പ്രശ്നമാകുന്നില്ല.

**ചോദ്യം:** ഇത്രയധികം ആത്മ വിശ്വാസത്തിനു കാരണം?

ജനം എല്ലാം വീക്ഷിക്കുന്നുണ്ട്. ഇവിടെ വേണ്ടത് മാറ്റമാണ്. സഭയുടെ നന്മ സ്വകാര്യ താൽപ്പര്യത്തിലുപരി ലക്ഷ്യമാക്കുന്ന നേതൃത്വം എല്ലാ തലത്തിലും ഉണ്ടാകണം എന്നതാണ് പൊതുവികാരം. അതിന്റെ പ്രതിഫലനം ഇക്കുറിയുണ്ടാകും തീർച്ച.

## നേപ്പാളിലെ പ്രവർത്തനങ്ങൾ





Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.